2018

ഫെബ്രുവരി

വാല്യം 11 | ലക്കം 2

Annual Subscription ₹ 60.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



പരിത്യാഗത്തിന്റെയും ഉപവാസത്തിന്റെയും
മാനസാന്തരത്തിന്റെയും തപസ്സുകാലം



തിരുബാലസഖ്യ ദിനം: 2018 ഫെബ്രുവരി 11



പരി. ലൂർദ്ദ് മാതാവിന്റെ തിരുനാൾ: 2018 ഫെബ്രുവരി 11

FEBUARY 2018
Vol.11 • No.2
REGISTERED NEWSPAPER
Reg.No. KERMAL/2008/24745

# വിജയപുരദൂത്
VIJAYAPURAM DIOCESAN BULLETIN

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055



## താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ: **തപസ്സുകാലത്തിലേക്ക്**

5 TRANSFERS & APPOINTMENTS

7 **ആഗോള രോഗീദിന സന്ദേശം – 2018**

11 **ലോകസമാധാനദിന സന്ദേശം** (തുടർച്ച)

12 **തിരുബാലസഖ്യദിനം –** (KCBC സർക്കുലർ)

15 **യുവജനവർഷാചരണം** (KCBC സർക്കുലർ)

17 **ഓഖി പശ്ചാത്തലത്തിൽ ക്രിസ്മസ് ആഘോഷം**

19 **വിശ്വാസ കണ്ണാടി** (കഥ)

21 ഇടവക വാർത്തകൾ

27 സംഘടനാ വാർത്തകൾ

30 വി.എസ്.എസ്.എസ്. വാർത്തകൾ

34 അഭിവന്ദ്യ പിതാവിന്റെ ഫെബ്രുവരി മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

EDITORIAL

# തപസ്സുകാലത്തിലേക്ക്



ഫെബ്രുവരി 14-ാം തീയതി വിഭൂതി ബുധനാണ്. അന്ന് നമ്മുടെ പാപാവസ്ഥയെയും അതിലൂടെ വന്ന അധഃപതനത്തെയും ബോധപ്പെട്ട് നെറ്റിയിൽ ചാരം ഏറ്റുവാങ്ങി പശ്ചാത്താപത്തോടെ, വിശുദ്ധവാരത്തിനൊരുക്കമായി നിശ്ചയിക്കപ്പെട്ട 40 ദിവസം നീണ്ടു നില്ക്കുന്ന വിശുദ്ധമായ തപസ്സു കാലത്തിലേക്ക് നമുക്കു കടന്നു വരാം. നമ്മുടെ രക്ഷക്കാധാരമായ യശുവിന്റെ മരണവും ഉത്ഥാനവും ആഘോഷിക്കുന്ന വിശുദ്ധവാരത്ത ലേക്ക് വിശുദ്ധീകരിക്കപ്പെടാനായി യേശുവിനോടൊത്ത് പാപത്തിനും തിന്മക്കും മരിച്ചും, ദൈവികതയിൽ, വിശുദ്ധിയിൽ, ഉത്ഥിതരായും നമുക്ക മുന്നേറാം.

40 ദിനരാത്രങ്ങളിലെ ജലപ്രള ത്തിലൂടെ പുതുതാക്കപ്പെട്ട ലോകം പ്രത്യക്ഷപ്പെട്ടു. ജലത്തിലൂടെയും ആ മാവിലൂടെയും സ്നാനമേറ്റ നമുക്കും പുതിയ സൃഷ്ടികളായി ജീവിക്കാം. വർഷത്തെ മരുഭൂമി വാസത്തിലൂടെ ദൈവത്തെ അനുഭവിച്ചറിഞ്ഞ്, ദൈവവുമായി ഉടമ്പടി ചെയ്ത് ദൈവജനമായി മാറി വാഗ്ദത്തഭ യിലേക്ക് മുന്നേറിയ ഇസ്രായേൽ ജനത്തോടൊപ്പം നമുക്കും മുന്നേറാം 0 ദിവസം സീനായ് മലയിൽ വസിച്ച് ദൈവവചനം കൈക്കൊണ്ട മോശയ ു ചേർന്ന് ദൈവവചനം ഉൾകൊണ്ട് നവീകരിക്കപ്പെടാം. 40 ദിവസം കൊ ഹോറെബ് മലയിലെത്തി ഗുഹയിൽ വസിച്ച് ദൈവാനുഭവത്തിലേക്ക് ക റിയ ഏലിയായെപ്പോലെ നമുക്കും ദൈവാനുഭവത്തിൽ മുന്നേറാം. 40 ഷത്തെ ദാവീദിന്റെ ഭരണത്തിലൂടെ ശത്രുക്കളെയെല്ലാം തോല്പിച്ച 12 ഗോത്രങ്ങളും ഇസ്രായേൽ സാമ്രാജ്യമായി ഐക്യപ്പെട്ടുവ തുപോലെ നമ്മെ ഭിന്നിപ്പിക്കുന്ന പിണക്കങ്ങളെയും വിരോധങ്ങളെയു അകറ്റി ദൈവസ്നേഹത്തിൽ ദൈവ കുടുംബമായി ഐക്യപ്പെടാം. യോന പ്രവാചകന്റെ ആഹ്വാനം ശ്രവിച്ച് 40 ദിവസങ്ങളിലെ ഉപവാസത്തിലൂടെയ തപച്ചര്യകളിലൂടെയും ശിക്ഷയിൽ നിന്നും നാശത്തിൽ നിന്നും മോചി ായ നിനിവേ നിവാസികളെപ്പോലെ നമുക്കും തപസനുഷ്ഠിച്ച് ദൈവത്ത ന്റെ കരുണ നമ്മുടെ ഹൃദയത്തിലേറ്റി രക്ഷയുടെ പാതയിലൂടെ മു റാം. 40 ദിവസത്തെ തപസനുഷ്ഠാനത്തിലൂടെ ദൈവാത്മാവിനാ ും ദൈവവചനത്താലും ശക്തി ധരിച്ച് തിന്മയുടെ ശക്തികളെയും ലോകര ിന്റെ പ്രലോഭനങ്ങളെയും മോഹന വാഗ്ദാനങ്ങളെയും അതിജീവിച്ച് സ്യ ജീവിതമാരംഭിച്ച, ലോകത്തിൽ ദൈവരാജ്യാനുഭവം വരുത്തിയ ശുവിനോടൊന്നുചേർന്ന് നമുക്ക് തിന്മകളെ നയിക്കുകയും, പ്ര ാഭനങ്ങളെ അതിജീവിക്കുകയും

ശേഷം 6-ാം പേജിൽ

Fr. Sebastian Veliyil, Parish Priest of [redacted]tle Flower Church, Ranny.
Fr. Augustine Mecheril,Parish Priest, [redacted] John the Baptist Church, Veloor.
Fr. Emmanuel Chemparayil, Parish P[redacted]st Our Lady of Guadelupe Church, Pala
Fr. Joseph Kizhakeveedu MSFS, Pries[redacted]-Charge, St. Mary's Church, Kanakkary.
Fr. Paul Chalaveettil, Parish Priest o[redacted]. Mary's Church, Elakkad.
Fr. Joy Kolathady, Parish Priest, St. J[redacted]'s Church, Dindikombu
Fr. Mathew Lazer Villukulam, Pries[redacted]in- Charge, of Little Flower Church, Kanthaloor
Fr. Pius Kudakassery, Parish Priest, [redacted]y Family Church, Idukki
Fr. Varghese Alunkal, Parish Priest, O[redacted] Lady of Lourdes Church, Kumily.
Fr. Joseph Nelson Avaravila, Parish P[redacted]st, Assumption Church, Vandiperiyar.
Fr. Jose Manuel Kaithakuzhy, Parish [redacted]est, St. Mary's Church, Marayoor and the Vicar Forane of District VIII.
Fr. Francis Nedumparambil, Parish P[redacted]st, St. George's Church, Perumbavoor
Fr. Vincent Paramel, Parish Priest, Mo[redacted]t Carmel Church, Munnar and the Vicar Forane of District VII of the Dioces[redacted]of Vijayapuram.
Fr. Vijosh Joseph Mulloor, Assistant [redacted]arish Priest of Mount Carmel Church, Munnar.
Fr. Antony Kanakamangalam, Parish P[redacted]st, Fathimagiri Church, Kunnamthanam. the Director of the Diocesan Religi[redacted]s Congregation and the Vicar Forane of District IV.
Fr. Suresh A., Parish Priest -in- Ch[redacted]e of St. Joseph's Church, Aranakal, Vandiperiyar.
Fr. Fernando Kallupalam, Parish Pries[redacted] Infant Jesus Church, Elappara
Fr. Peter Palackal, Vicar Forane of Di[redacted]ict V
Fr. Antony Renjith, Assistant Parish P[redacted]st, St.Mary's Church, Mundakayam.
Fr. Rinoy Antony Kachappilly OSJ, A[redacted]stant Parish Priest, St. Mary's Church, Vadavathoor
Fr. Antony J. Manappurath, Pastoral [redacted]sistant to St. Xavier's Church, Kurichy.

# ഡീക്കൻപട്ടം സ്വീകരിച്ചു.



1. Bro. Mathew Sojan Kallel, (Infant Jesus, Elappara)
2. Bro. Bobby Christopher Parapparambil (St.Joseph, Maramon)
3. Bro. Varghese Tijo Mattappalliyil (St.Joseph, Thopramkudy)
4. Bro. Jinson Thomas Mattuppillil (Christ the King, Muvattupuzha).



അഭിവന്ദ്യ അംബ്രോസ് അബസോളോ പിതാവിന്റെ ചരമ വാർഷികദിനത്തിൽ
വിമലഗിരി കത്തീഡ്രലിൽ നടന്ന അനുസ്മരണ ശുശ്രൂഷ

ധൈര്യത്തോടെ ദൈവദൗത്യം നിറവേറ്റുകയും ചെയ്യാം. 40 ദിവസം ഉത്ഥിതന്റെ സന്ദർശനം അനുഭവിച്ച് ഉത്ഥിതരായ ശിഷ്യഗണത്തോടൊപ്പം നമുക്കും ഉത്ഥിതനെ കണ്ടുമുട്ടി ബന്ധങ്ങളിലും ചിന്താഗതികളിലും പ്രവർത്തന രീതികളിലും ഉത്ഥിതരായി ദൈവരാജ്യാനുഭവത്തിലേക്കു മുന്നേറാം. അതിന് നമ്മുടെ പ്രാർത്ഥനകളും തപശ്ചര്യകളും ഉപവി പ്രവർത്തനങ്ങളും നമ്മെ സജ്ജരാക്കട്ടെ. ■

# ഇരുപത്താറാം ആഗോള രോഗീദിനാചരണ സന്ദേശം – 2018

## ഫ്രാൻസിസ് പാപ്പാ

*സഭയുടെ അമ്മ*
*"സ്ത്രീയേ, ഇതാ നിന്റെ മകൻ...ഇതാ നിന്റെ അമ്മ.*
*അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.*
*(യോഹ. 19: 26-27)*

പ്രിയ സഹോദരീസഹോദരന്മാരേ,

രോഗികൾക്കുവേണ്ടിയും അവരെ ശുശ്രൂഷിക്കുന്നവർക്കുവേണ്ടിയും സഭ ചെയ്യുന്ന സേവനം നവീകൃതമായ ശക്തിയോടെ തുടരണം. കർത്താവിന്റെ കല്പന അനുസരിച്ചും (cf. ലൂക്കാ 9:2-6; മത്താ 10:1-8; മർക്കോ. 6: 7-13) സഭയുടെ സ്ഥാപകനും ഗുരുവുമായവന്റെ ശക്തമായ മാതൃകയനുസരിച്ചും അങ്ങനെ ചെയ്യണം.

കുരിശിൽക്കിടന്നുകൊണ്ട് യേശു തന്റെ അമ്മയായ മറിയത്തോടും യോഹന്നാനോടും പറഞ്ഞ വാക്കുകളിൽനിന്നുള്ളതാണ് ഈ വർഷത്തെ രോഗീദിനത്തിന്റെ പ്രമേയം. "സ്ത്രീയേ, ഇതാ നിന്റെ മകൻ... ഇതാ നിന്റെ അമ്മ. ആ നിമിഷം മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ 19:26-27).

1. കർത്താവിന്റെ വാക്കുകൾ കുരിശിന്റെ രഹസ്യത്തെ വ്യക്തമായി പ്രകാശിപ്പിക്കുന്നുണ്ട്. കുരിശ് പ്രത്യാശ നല്കാത്ത ദുരന്തമല്ല. പിന്നെയോ യേശു തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതും അവസാനംവരെയുള്ള സ്നേഹം കാണിക്കുന്നതുമായ ഒന്നാണ്. ആ സ്നേഹം ക്രൈസ്തവസമൂഹത്തിന്റെയും ഓരോ ശിഷ്യന്റെ ജീവിതത്തിന്റെയും അടിസ്ഥാനവും നിയമവും ആയിത്തീരാനുള്ളതാണ്.

യേശുവിന്റെ വാക്കുകൾ, എല്ലാറ്റിനുമുപരി മുഴുവൻ മനുഷ്യവംശത്തിനുംവേണ്ടിയുള്ള മറിയത്തിന്റെ മാതൃത്വപരമായ വിളിയുടെ ഉറവിടമാണ്. തന്റെ പുത്രന്റെ ശിഷ്യന്മാരെയും അവരുടെ ജീവിതയാത്രയെയും പരിപാലിക്കുന്ന അമ്മയാകാനാണ് മറിയത്തിന്റെ പ്രത്യേക നിയോഗം. തന്റെ പുത്രനോടോ പുത്രിയോടോ ഉള്ള ഒരമ്മയുടെ കരുതൽ അവരുടെ വളർച്ചയുടെ ഭൗതികവും ആത്മീയവുമായ തലങ്ങൾ ഉൾക്കൊള്ളുന്നതാണല്ലോ.

കുരിശുളവാക്കിയ അവാച്യമായ വേദന മറിയത്തിന്റെ ആത്മാവിൽ തുളച്ചുകയറിയെങ്കിലും (cf. ലൂക്കാ 2;35) അത് അവളെ തളർത്തിയില്ല. നേരേമറിച്ച്, കർത്താവിന്റെ അമ്മ എന്ന നിലയിൽ ആത്മദാനത്തിന്റെ പുതിയൊരുവഴി അവളുടെ മുമ്പിൽ തുറക്കപ്പെട്ടു. യേശു കുരിശിൽവച്ച് സഭയെയും മനുഷ്യവംശം മുഴുവനെയും സംബന്ധിച്ച തന്റെ ശ്രദ്ധ വ്യക്തമാക്കി. അതേ ശ്രദ്ധയിൽ പങ്കുചേരാൻ മറിയം വിളിക്കപ്പെട്ടു. പെന്തക്കുസ്താദിനത്തിലുണ്ടായ പരിശുദ്ധാത്മവർഷം പരാമർശിക്കുന്നിടത്ത് അപ്പസ്തോലപ്രവർത്തനങ്ങൾ വ്യക്തമാക്കുന്നത് മറിയം ഈ ദൗത്യം ആദിമസഭയിൽ നിർവ

ഹിക്കാനാരംഭിച്ചു എന്നാണ്. ഒരിക്കലും അസ്തമിക്കാത്ത ഒരു ദൗത്യം!

2. പ്രിയ ശിഷ്യനായ യോഹന്നാൻ മെസയാനിക ജനമാകുന്ന സഭയുടെ പ്രതിരൂപമാണ്. അദ്ദേഹം മറിയത്തെ തന്റെ അമ്മയായി അംഗീകരിക്കണം. അങ്ങനെ ചെയ്തുകൊണ്ട് അവളെ തന്റെ ഭവനത്തിലേക്കു സ്വീകരിക്കണം; ശിഷ്യത്വത്തിന്റെയെല്ലാം മാതൃകയായി അവളെ കാണണം; യേശു അവൾക്കു നല്കിയ മാതൃത്വത്തിന്റെ വിളിയെക്കുറിച്ച് - അതിന്റെ എല്ലാ വിശദീകരണങ്ങളോടുകൂടി-ധ്യാനിക്കണം: യേശു കല്പിക്കുന്നതുപോലെ സ്നേഹിക്കാൻ കഴിവുള്ള കുട്ടികളെ ജനിപ്പിക്കുന്ന സ്നേഹമയിയായ ഒരമ്മ. അതുകൊണ്ടാണ് തന്റെ മക്കളെ സംരക്ഷിക്കാനുള്ള മറിയത്തിന്റെ മാതൃത്വപരമായ വിളി യോഹന്നാനും സഭയ്ക്കുപൊതുവായും ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്. മറിയത്തിന്റെ മാതൃനിയോഗത്തിൽ ശിഷ്യ സമൂഹം മുഴുവനും ഉൾച്ചേർന്നിരിക്കുന്നു.

3. ശിഷ്യനെന്നനിലയിൽ യോഹന്നാൻ എല്ലാകാര്യങ്ങളും യേശുവുമായി പങ്കുവച്ചിരുന്നു. അതുകൊണ്ട് പിതാവുമായിട്ടുള്ള കണ്ടുമുട്ടലിലേക്ക് എല്ലാ ജനതകളെയും നയിക്കാൻ തന്റെ ഗുരു ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹത്തിന് അറിയാം. അഹങ്കാരംമൂലമുള്ള ആധ്യാത്മിക രോഗങ്ങളിലും (cf. യോഹ 8:31–39), ശാരീരിക രോഗങ്ങളാലും (cf. യോഹ. 5:6) വലയുന്ന അനേകരെ യേശു കണ്ടുമുട്ടിയിട്ടുണ്ടെന്ന വസ്തുതയ്ക്കു സാക്ഷ്യംവഹിക്കാൻ യോഹന്നാനു സാധിക്കും. യേശു എല്ലാവരോടും കരുണ കാണിച്ചു. എല്ലാവരോടും ക്ഷമിച്ചു. ഓരോ കണ്ണീർത്തുള്ളിയും തുടച്ചുമാറ്റപ്പെടുന്ന ദൈവരാജ്യത്തിലെ സമൃദ്ധമായ ജീവന്റെ അടയാളമെന്ന നിലയിൽ രോഗികളെ അവിടന്ന് സുഖപ്പെടുത്തി. മറിയത്തെപ്പോലെ പരസ്പരം കരുതാൻ ശിഷ്യന്മാർ വിളിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല, യേശുവിന്റെ ഹൃദയം എല്ലാവരുടെയും മുമ്പിൽ തുറക്കപ്പെട്ടിരിക്കുന്നുവെന്നും ആരെയും അത് ഒഴിവാക്കുന്നില്ലെന്നും ശിഷ്യന്മാർക്ക് അറിയാം. എല്ലാവരും വ്യക്തികളും ദൈവമക്കളുമായതിനാൽ ദൈവരാജ്യത്തിന്റെ സുവിശേഷം എല്ലാവരോടും പ്രഘോഷിക്കപ്പെടണം; ക്രൈസ്തവരുടെ പരസ്നേഹം എല്ലാവരിലേക്കും ചെന്നെത്തണം.

4. പതിതരെയും രോഗികളെയും സംബന്ധിച്ച് സഭയ്ക്കുള്ള മാതൃനിയോഗം അവളുടെ രണ്ടായിരം വർഷത്തിലെങ്ങും മൂർത്തമായി പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. രോഗികൾക്കുവേണ്ടിയുള്ള ശ്രദ്ധേയമായ സംരംഭങ്ങളുടെ പരമ്പരകളിലൂടെ പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. സമർപ്പണത്തിന്റെ ഈ ചരിത്രം മറക്കരുത്. ആ ചരിത്രം ഇക്കാലത്തും ലോകമെങ്ങും തുടരുന്നു. പര്യാപ്തമായ ആരോഗ്യപാലന സമ്പ്രദായങ്ങൾ നിലവിലുള്ള രാജ്യങ്ങളിൽ കത്തോലിക്കാ സഭയിലെ സമർപ്പിതസമൂഹങ്ങളുടെയും രൂപതകളുടെയും അവയുടെ ആശുപത്രികളുടെയും ജോലി നല്ല ചികിത്സ നല്കുകയെന്നതു മാത്രമല്ല. പിന്നെയോ സുഖദായക പ്രക്രിയയുടെ കേന്ദ്രത്തിൽ വ്യക്തിയെ പ്രതിഷ്ഠിക്കുകയെന്നതുമാണ്. ജീവനോടും ക്രൈസ്തവ ധാർമ്മിക മൂല്യങ്ങളോടും ആദരവു പുലർത്തിക്കൊണ്ടുള്ള ശാസ്ത്രീയഗവേഷണം നടത്തുകയും ചെയ്യുന്നുണ്ട്. ആരോഗ്യ ശുശ്രൂഷാസമ്പ്രദായങ്ങൾ അപര്യാപ്തമാ

യിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യുന്ന രാജ്യങ്ങളിൽ ആരോഗ്യം വർദ്ധിപ്പിക്കാനും ശിശുമരണം ഒഴിവാക്കാനും സാംക്രമികരോഗങ്ങൾക്കെതിരേ പടപൊരുതാനും എന്തു ചെയ്യാനാവുമെന്നു സഭ അന്വേഷിക്കുന്നു. എല്ലായിടത്തും ശുശ്രൂഷനല്കാൻ അവൾ പരിശ്രമിക്കുന്നുണ്ട്. സുഖപ്പെടുത്തലിനു സാധ്യതയില്ലാത്തിടത്തും അങ്ങനെ ചെയ്യുന്നു. സഭയ്ക്ക് "യുദ്ധക്കളത്തിലെ ആശുപത്രി" എന്നൊരു പ്രതിഛായയുണ്ട്. അതു വസ്തുനിഷ്ഠമായ ഒന്നാണ്. ജീവിതത്തിൽ മുറിവേറ്റ എല്ലാവരെയും അതു സ്വാഗതംചെയ്യുന്നു. എന്തെന്നാൽ, ലോകത്തിന്റെ ചിലഭാഗങ്ങളിൽ മിഷണറിമാരുടെ ആശുപത്രികളും രൂപതകളുടെ ആശുപത്രികളും മാത്രമാണ് ജനങ്ങൾക്ക് അത്യാവശ്യമായ ശുശ്രൂഷ നല്കുന്ന സ്ഥാപനങ്ങൾ.

5. രോഗീശുശ്രൂഷയുടെ സുദീർഘമായ ഈ ചരിത്രത്തെക്കുറിച്ചുള്ള ഓർമ ക്രൈസ്തവ സമൂഹത്തിന് സന്തോഷിക്കാനുള്ള ഒരു കാരണമാണ്, പ്രത്യേകിച്ച് ഈ ശുശ്രൂഷയിൽ ഇന്ന് ഏർപ്പെട്ടിരിക്കുന്നവർക്ക്. എന്നാലും നമ്മൾ സർവോപരി ഭൂതകാലത്തേക്കു നോക്കണം, അതു നമ്മെ സമ്പന്നരാക്കാൻവേണ്ടിത്തന്നെ. അതു നമ്മെ പഠിപ്പിക്കുന്ന പാഠം നാം പഠിക്കണം. രോഗികളെ ശുശ്രൂഷിക്കാൻവേണ്ടി സ്ഥാപനങ്ങൾ സ്ഥാപിച്ച അനേകരുടെ ആത്മപരിത്യാഗപരമായ ഔദാര്യത്തെക്കുറിച്ച് അതു പഠിപ്പിക്കുന്നു. നൂറ്റാണ്ടുകളായി സമാരംഭിച്ചതും പരസ്നേഹത്താൽ പ്രചോദിപ്പിക്കപ്പെട്ടതുമായ അനേകം സംരംഭങ്ങളെ ഓർമിക്കണം. രോഗികൾക്ക് നവീനവും ആശ്രയയോഗ്യവുമായ മാർഗങ്ങളെ ശാസ്ത്രീയ ഗവേഷണങ്ങളിലൂടെ കണ്ടെത്താൻ നടത്തിയ പരിശ്രമങ്ങളെ നാം സ്മരിക്കണം. ഭൂതകാലത്തെ ഈ ഇഷ്ടദാനം കുടുതൽ നല്ല ഭാവികെട്ടിപ്പടുക്കുവാൻ നമ്മെ സഹായിക്കും. ഉദാഹരണമായി, ആതുരശുശ്രൂഷയെ ലാഭകരമായ സംരംഭമാക്കാൻ ലോകവ്യാപകമായി പരിശ്രമിക്കുന്ന വ്യവസായിക മനോഭാവത്തിൽനിന്ന് കത്തോലിക്കാ ആശുപത്രികളെ സംരക്ഷിക്കണം. ലാഭമുണ്ടാക്കാനുള്ള സംരംഭം ദരിദ്രരെ അവഗണിക്കുന്നു. രോഗികളുടെ മഹത്ത്വത്തെ ആദരിക്കണമെന്നത് വിവേകപൂർണമായ സംഘാടനവും പരസ്നേഹവും ആവശ്യപ്പെടുന്നു. ചികിത്സയിലെങ്ങും വ്യക്തിമഹത്ത്വത്തോടുള്ള ബഹുമാനം കേന്ദ്രസ്ഥയാഥാർത്ഥ്യമായി സൂക്ഷിക്കണമെന്ന് അത് ആവശ്യപ്പെടുന്നു. പൊതുസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ക്രൈസ്തവർക്കും ഈ സമീപനമുണ്ടായിരിക്കണം. അവരും സേവനത്തിലൂടെ സുവിശേഷത്തിന് സാക്ഷികളാവണം- ഉത്തമബോധ്യം നല്കുന്ന സാക്ഷികളാകണം.

6. യേശു സഭയ്ക്കു തന്റെ സൗഖ്യദായക ശക്തിനല്കി. "വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും... അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും. അവർ സുഖംപ്രാപിക്കുകയും ചെയ്യും" (മർക്കോ 16:17-18). വിശുദ്ധ പത്രോസും (cf. അപ്പ 3:4-8) വിശുദ്ധ പൗലോസും (cf. അപ്പ 14:8-11) സൗഖ്യദായക പ്രവൃത്തികൾ ചെയ്തതിന്റെ വിവരണം അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം വായിക്കുന്നുണ്ട്. സഭയുടെ ദൗത്യം യേശുവിന്റെ ദാനത്തോടുള്ള പ്രത്യുത്തരമാണ്. എന്തെന്നാൽ

രോഗികളിലേക്ക് യേശുവിന്റെതന്നെ നോട്ടം എത്തണമെന്ന് സഭയ്ക്ക് അറിയാം. അവിടത്തെ നോട്ടം വൈകാരികതയും സഹതാപവും നിറഞ്ഞതാണ്. ആരോഗ്യദായകശുശ്രൂഷ എപ്പോഴും അത്യാവശ്യമായിട്ടുള്ളതും മൗലികമായിട്ടുള്ളതുമാണ്; എല്ലാവരും നവീകൃതമായ ആവേശത്തോടെ ചെയ്യേണ്ടതുമാണ്. ഇടവകസമൂഹം മുതൽ ഏറ്റവും വലിയ ആരോഗ്യദായക സ്ഥാപനങ്ങൾവരെ അങ്ങനെ ചെയ്യണം. സ്ഥിരരോഗികളായിട്ടുള്ളവരെ അല്ലെങ്കിൽ ഗൗരവപൂർണമായ രീതിയിൽ അംഗവൈകല്യമുള്ള കുട്ടികളെയും മാതാപിതാക്കളെയും ബന്ധുക്കളെയും അനേകം കുടുംബങ്ങൾ ശുശ്രൂഷിക്കുന്നുണ്ട്. അവരുടെ വാത്സല്യവും സ്ഥിരോത്സാഹവും നമുക്കു മറക്കാനാവുകയില്ല. കുടുംബങ്ങൾക്കുള്ളിൽത്തന്നെ നല്കപ്പെടുന്ന ശുശ്രൂഷ മനുഷ്യവ്യക്തിയോടുള്ള സ്നേഹത്തിന്റെ അസാധാരണമായ സാക്ഷ്യമാണ്. അതു വേണ്ടവിധം അംഗീകരിക്കപ്പെടണം; സമുചിതമായ പോളിസികളാൽ പിന്തുണയ്ക്കപ്പെടുകയുംവേണം. ഡോക്ടർമാരും നേഴ്സുമാരും വൈദികരും സമർപ്പിതരായ സ്ത്രീ പുരുഷന്മാരും സന്നദ്ധസേവകരും കുടുംബങ്ങളും രോഗികളെ ശുശ്രൂഷിക്കുന്ന എല്ലാവരും സഭാപരമായ ഈ ദൗത്യത്തിൽ പങ്കുചേരുന്നുണ്ട്. ഇത് പങ്കുവയ്ക്കപ്പെടുന്ന ഒരു ഉത്തരവാദിത്വമാണ്; ഓരോ വ്യക്തിയും ഓരോ ദിവസവുംചെയ്യുന്ന സേവനത്തിന്റെ മൂല്യത്തെ വർദ്ധിപ്പിക്കുന്നതുമാണ്.

7. ശരീരത്തിലും ആത്മാവിലും രോഗികളായിട്ടുള്ള എല്ലാവരെയും വാത്സല്യത്തിന്റെ അമ്മയായ മറിയത്തിനു സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു - അവരെ അവൾ പ്രത്യാശയിൽ നിലനിറുത്താൻ വേണ്ടിത്തന്നെ. രോഗികളായ സഹോദരീസഹോദരന്മാരെ സ്വാഗതംചെയ്യുന്നവരാകാൻ നമ്മെ സഹായിക്കണമേ എന്ന് ഞാൻ അവളോടു പ്രാർഥിക്കുന്നു. രോഗികളെ ശുശ്രൂഷിക്കുകയെന്ന സുവിശേഷപരമായ കടമ നിർവഹിച്ചുകൊണ്ടു ജീവിക്കാൻ പ്രത്യേകമായ ദൈവകൃപ തനിക്ക് ആവശ്യമാണെന്ന് സഭയ്ക്ക് അറിയാം. ദൈവമാതാവിനോടുള്ള നമ്മുടെ പ്രാർഥനയിലെ ഐക്യം നിരന്തരമായ ഒരു യാചനയായിരിക്കട്ടെ; ജീവനെയും ആരോഗ്യത്തെയും സേവിക്കുവാനുള്ള വിളിയെ സ്നേഹിച്ചുകൊണ്ട് ഓരോ സഭാംഗവും ജീവിക്കുവാനുള്ള യാചനയായിരിക്കട്ടെ. ഇരുപത്തി ആറാമത്തെ ഈ രോഗീലോകദിനത്തിൽ കന്യകാമറിയം മാധ്യസ്ഥത വഹിക്കട്ടെ. സഹിക്കുന്നവർ തങ്ങളുടെ സഹനത്തെ കർത്താവായ യേശുവിന്റെ സഹനത്തോടുചേർത്ത് സഹിക്കുവാൻ അവൾ സഹായിക്കട്ടെ. സഹിക്കുന്നവരെ ശുശ്രൂഷിക്കുന്ന എല്ലാവരെയും അവൾ പിന്താങ്ങട്ടെ. രോഗികളും, ശുശ്രൂഷാദായകരും സന്നദ്ധസേവകരുമായ എല്ലാവർക്കും ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽനിന്ന് 26 നവംബർ 2017

പ്രപഞ്ചരാജാവായ യേശുക്രിസ്തുവിന്റെ ആഘോഷദിനം

**ഫ്രാൻസിസ് പാപ്പ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# അമ്പത്തൊന്നാം ലോകസമാധാനദിനാചരണം
# ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

*(കഴിഞ്ഞ ലക്കം തുടർച്ച)*

## രണ്ട് അന്താരാഷ്ട്ര ഉടമ്പടികളുണ്ടാക്കാനുള്ള നിർദേശം

എന്റെ ഹൃദയപൂർവകമായ പ്രത്യാശ ഇതാണ്: 2018-ൽ ഈ പ്രക്രിയ രണ്ട് ആഗോള ഉടമ്പടികൾ എഴുതാനും അംഗീകരിക്കാനും യുണൈറ്റഡ് നേഷൻസിനെ പ്രചോദിപ്പിക്കും. ഒരു ഉടമ്പടി സുരക്ഷിതവും ക്രമവത്കൃതവുമായ കുടിയേറ്റത്തിനുവേണ്ടിയുള്ളതാണ്. മറ്റേത്, അഭയാർഥികളെ സംബന്ധിക്കുന്നതാണ്.

ആഗോളതലത്തിൽ സ്വീകരിക്കപ്പെടുന്ന ഉടമ്പടികളാകയാൽ നയപ്രഖ്യാപനങ്ങൾക്കും പ്രായോഗികമായ കാര്യങ്ങൾക്കും വേണ്ട സംവിധാനം അവ പ്രദാനം ചെയ്യും. ഇക്കാരണത്താൽ അവ സഹതാപം, മുൻകൂട്ടിക്കാണൽ, ധീരത എന്നിവയാൽ പ്രചോദിപ്പിക്കപ്പെട്ടതായിരിക്കണം. സമാധാന സംസ്ഥാപന പരമായ പ്രക്രിയയെ വളർത്താനുള്ള ഓരോ അവസരവും അതു പ്രയോജനപ്പെടുത്തും. ഈ മാർഗത്തിലൂടെ മാത്രമേ അന്താരാഷ്ട്ര രാഷ്ട്രീയത്തിന് ആവശ്യമായ യാഥാർഥ്യബോധമുണ്ടാകുകയുള്ളൂ. കുറ്റം പറച്ചിലിനും ആഗോളവത്കരിക്കപ്പെടുന്ന നിസ്സംഗതയ്ക്കും കീഴ്പ്പെടാതിരിക്കാനാണത്.

സംവാദവും ക്രമവത്കരണവും അന്താരാഷ്ട്ര സമൂഹത്തെ സംബന്ധിച്ച ഒരു അത്യാവശ്യവും സവിശേഷമായ ഒരു കടമയുമാണ്. ദേശീയ അതിർത്തികൾക്ക് അപ്പുറത്ത് കൂടുതൽ അഭയാർഥികളെ അതുവഴി സ്വാഗതം ചെയ്യാൻ കഴിയും. അല്ലെങ്കിൽ കൂടുതൽ നന്നായി സ്വാഗതം ചെയ്യാൻ കഴിയും. സാമ്പത്തികത കുറഞ്ഞ രാഷ്ട്രങ്ങൾക്കും അങ്ങനെ ചെയ്യാൻ സാധിക്കും. അവർക്ക് അത്യാവശ്യമായ പണം അന്താരാഷ്ട്ര സഹകരണം വഴി ഉറപ്പുനല്കിയാൽ മതി.

സമഗ്ര മാനുഷിക വികസനത്തെ വളർത്താനുള്ള ഡികാസ്ട്രിയിൽ കുടിയേറ്റക്കാരെയും അഭയാർഥികളെയും സംബന്ധിച്ച ഖണ്ഡികകളിൽ 20 കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഈ നാലു ക്രിയകളും ചെയ്യാൻ അവ പ്രേരിപ്പിക്കും. പൊതുനയത്തിലും ക്രൈസ്തവസമൂഹത്തിന്റെ മനോഭാവങ്ങളിലും പ്രവർത്തനങ്ങളിലും ഇതു നടപ്പാക്കാൻ പ്രേരണ നല്കും.[17] രണ്ടു യു.എൻ ആഗോള ഉടമ്പടികളും സ്വീകരിക്കാനുള്ള പ്രക്രിയയിൽ കത്തോലിക്കാസഭയ്ക്കു താത്പര്യമുണ്ട്. ഇതിന്റെയും മറ്റു സംഭാവനകളുടെയും ലക്ഷ്യം അതാണ്. കൂടുതൽ പൊതുവായ അജപാലനപ്രവർത്തനത്തിന്റെ അടയാളമാണ് ഈ താത്പര്യം. അത് സഭയുടെ ഉദ്ഭവം മുതൽ തുടങ്ങിയതാണ്. ഇന്നോളമുള്ള അനേകം പ്രവർത്തനങ്ങളിലൂടെ സഭ അതു തുടർന്നിട്ടുമുണ്ട്.

## നമ്മുടെ പൊതുഭവനത്തിനുവേണ്ടി

വിശുദ്ധ ജോൺപോൾ 2-ാമന്റെ വാക്കുകളിൽനിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "സമാധാനപൂർണമായ ഒരു ലോകം എന്ന 'സ്വപ്നം' എല്ലാവരും പങ്കുചേരുന്ന ഒന്നായിക്കഴിഞ്ഞാൽ, അഭയാർഥികളുടെയും കുടിയേറ്റക്കാരുടെയും സംഭാവനയെ ശരിയായി വിലയിരുത്തിയാൽ മനുഷ്യവർഗം കൂടുതൽ കൂടുതൽ സാർവത്രികമാകുന്ന കുടുംബമായിത്തീരും. നമ്മുടെ ഭൂമി യഥാർഥത്തിൽ പൊതുവായ ഭവനം ആയിത്തീരുകയും ചെയ്യും."[18] ചരിത്രത്തിലുടനീളം അനേകർ ഈ "സ്വപ്ന"ത്തിൽ വിശ്വസിച്ചവരും അവരുടെ നേട്ടങ്ങൾ ഒരു സാക്ഷ്യവുമാണ് - ഇത് ഒരു മായാലോക സങ്കല്പമല്ലെന്നതിന്റെ സാക്ഷ്യപത്രം.

# 2018 ഫെബ്രുരി 11 തിരുബാലസഖ്യദിനം

*(കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ)*

**ഈ** വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി 11 നാണ്. യേശുവിന്റെ ബാല്യം അനുസ്മരിച്ചുകൊണ്ട് നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി പരമോന്നതനായ ദൈവത്തിന്റെ ഉപരി മഹത്വത്തിനായി വളർത്തി വലുതാക്കുകയാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യ കൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ദൈവത്തിന്റെ ദാനമാണ് മക്കൾ. അവരെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തണം എന്നതാണ് ദൈവത്തിന്റെ പദ്ധതി. മാതാപിതാക്കൾ ഒരുമിച്ച് നടപ്പിലാക്കേണ്ട പദ്ധതിയാണിത്. എന്നാൽ ഇന്ന് പല കാരണങ്ങളാൽ കുട്ടികളിൽ നിന്നും അകന്നു ജീവിക്കുന്ന മാതാപിതാക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നു. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ക്ഷേമത്തിനും വേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന മാതാപിതാക്കൾക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെ. എന്നാൽ അതോടൊപ്പം പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടുക്കേണ്ടി വരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കാത്തവരും ഉണ്ട്.

ചിലപ്പോഴെങ്കിലും ഒരേ ഭവനത്തിൽ ജീവിക്കുന്നവർ പരസ്പരം മറന്ന് ജീവിക്കുന്നുവെന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച് ടി.വിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സാങ്കേതിക തലത്തിൽ ഇവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വാർത്ഥലോകത്തേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യതലങ്ങൾ രൂപപ്പെടേണ്ടിടത്ത് അമ്മയ്ക്കു പകരം വിവര സാങ്കേതികത നിന്നാൽ ശിഥിലമാവുന്നത് കുടുംബങ്ങളായിരിക്കും. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

ഇന്നിന്റെ സാമൂഹിക സമ്പർക്കമാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക. സ്വന്ത വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ നെറ്റിൽ ഇടുക എന്നതുമൊക്കെ

ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തിന്റെയും പിന്നിൽ ഒത്തിരി തിന്മകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാ നിരക്കുകളും വിവാഹമോചനങ്ങളും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്.

കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ (266,267,274) ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തുനിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് പുണ്യം. സുരക്ഷിതത്വത്തിലേക്കായാലും സമ്പത്തിലേക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളേ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ടു ചിന്തിക്കുമ്പോൾ നാം സൂക്ഷിക്കേണ്ട ചില മേഖലകളാണ് ഇവിടെ സൂചിപ്പിച്ചത്. കൂടുതൽ കൂടുതൽ അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടത് അത്യാവശ്യമായ കാര്യമാണ്. കുട്ടികൾ വളരുന്ന സംസ്കാരം വളരെ കൃത്യതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കുവാനും സഹവർത്തിത്തത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതികവിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടി രൂപപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി

അവരിൽ ഒരാളായി വിശുദ്ധ ഫ്രാൻസെസ് സേവ്യർ കബ്രീനിയെ ഈ വർഷം നമുക്കു ഓർമ്മിക്കാം. അവളുടെ നൂറാം ചരമവാർഷികം ഇക്കൊല്ലമാണ്. ഈ നവംബർ 13-ാംതീയതി അനേകം സഭാ സമൂഹങ്ങൾ അവളുടെ ഓർമ്മ ആഘോഷിക്കുന്നു. ഏറെ ശ്രദ്ധേയയായ അവൾ കുടിയേറ്റക്കാർക്കുവേണ്ടിയുള്ള സേവനത്തിന് തന്റെ ജീവിതം സമർപ്പിച്ചു. അവൾ കുടിയേറ്റക്കാരുടെ രക്ഷാധികാരിയായ വിശുദ്ധയാണ്. നമ്മുടെ സഹോദരീസഹോദരന്മാരെ സ്വാഗതം ചെയ്യാനും, സംരക്ഷിക്കാനും വളർത്താനും സമൂഹത്തിലേക്കു കൂട്ടിച്ചേർക്കാനും ഈ വിശുദ്ധ നമ്മെ പഠിപ്പിച്ചു. "സമാധാനസ്രഷ്ടാക്കൾ നീതിയുടെ ഫലം സമാധാനത്തിൽ വിതയ്ക്കുന്നു"[19] എന്നത് നമുക്കെല്ലാവർക്കും അനുഭവിക്കാൻ, ആ വിശുദ്ധയുടെ മാധ്യസ്ഥതവഴി കർത്താവ് നമ്മെ ശക്തരാക്കട്ടെ.

വത്തിക്കാനിൽ നിന്ന്
13 നവംബർ 2017
കുടിയേറ്റക്കാരുടെ രക്ഷാധികാരിണിയായ ഫ്രാൻസെസ് സേവ്യർ കബ്രീനിയുടെ ഓർമദിവസം
ഫ്രാൻസിസ് പാപ്പാ

# കെആർഎൽസിബിസി ഫാമിലി കമ്മീഷൻ

## തപസ്സുകാലത്ത് ആരംഭിക്കാവുന്ന ഉപവാസത്തെ സംബന്ധിച്ച്

"ഒരു കുടുംബം ക്രിസ്തുവിൽ കേന്ദ്രീകൃതമാണെങ്കിൽ അതിന്റെ മുഴുവൻ ജീവിതത്തെയും അവിടന്ന് ഏകീകരിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യും" (AL. 317). സമകാലിക സാഹചര്യങ്ങളിൽ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ മനസ്സിലാക്കുന്നതിനും ക്രൈസ്തവീക മൂല്യങ്ങൾ വീണ്ടെടുക്കാനുള്ള പോംവഴികളെക്കുറിച്ചാലോചിക്കുന്നതിനും സഹായകരമായ പഠനം കെആർഎൽസിബിസി ഫാമിലി കമ്മീഷൻ നടത്തുകയുണ്ടായി. സോഷ്യൽ മീഡിയയുടെ അമിതമായ കടന്നുകയറ്റം കുടുംബബന്ധങ്ങളെ താറുമാറാക്കിക്കൊണ്ടിരിക്കുകയാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും സംഭാഷണവും കുറഞ്ഞുവരുന്നു. അടുത്തിരിക്കുന്നവർ തമ്മിലാണ് ഏറ്റവും വലിയ അകലം സൃഷ്ടിക്കപ്പെടുന്നത്. സാങ്കല്പികമായി സൃഷ്ടിക്കപ്പെടുന്ന തിരക്കുകളുടെ ലോകത്ത് മനുഷ്യർ ഉഴറി ജീവിക്കുകയാണ്. 'കുടുംബങ്ങളുടെ വീണ്ടെടുപ്പിന്' ഏറ്റവും അത്യാവശ്യം പല കുടുംബങ്ങളിലും നഷ്ടപ്പെട്ടുപോയ കുടുംബപ്രാർത്ഥനാ ചൈതന്യം തിരികെ കൊണ്ടുവരിക എന്നതാണെന്ന് ഫാമിലി കമ്മീഷന്റെ പഠനം വ്യക്തമാക്കുന്നു. ഈ തപസ്സുകാലത്ത് തുടങ്ങി ദിവസവും സന്ധ്യയ്ക്ക് കുടുംബങ്ങളിൽ ഒരു മണിക്കൂർ മാധ്യമരഹിത മണിക്കൂർ (ഡിജിറ്റൽ ഫ്രീ അവർ - മൊബൈൽ ഫോൺ, വാട്സ് ആപ്, ഇന്റർനെറ്റ്, ഫെയ്സ് ബുക്ക് മുതലായവ മാറ്റിവച്ച്) ആയി ആചരിക്കുകയും കുടുംബത്തിലെ അംഗങ്ങൾ ഒരുമിച്ച് കുടുംബപ്രാർത്ഥന, ഭക്ഷണം പങ്കുവയ്ക്കൽ, സംഭാഷണം എന്നിവയ്ക്കായി ആ സമയം ചെലവഴിക്കുകയും ചെയ്യുക എന്നതാണ് പ്രധാനമായും ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് 2018 ഫെബ്രുവരി 14 വിഭൂതി ബുധനാഴ്ച മുതൽ കുടുംബതലത്തിൽ നടത്തുവാൻ താല്പര്യപ്പെടുന്നു.

ഈ വിവരങ്ങൾ മാധ്യമ ഉപവാസം (ഡിജിറ്റൽ ഫാസ്റ്റിങ്ങ്) എന്ന രീതിയിൽ ഒരു ഖണ്ഡികയായി രൂപതയുടെ തപസ്സുകാല ഇടയലേഖനത്തിന്റെ ഭാഗമാക്കി ഉൾച്ചേർത്ത് ഫെബ്രുവരി 4-നോ 11-നോ പള്ളിയിൽ വായിക്കണമെന്നഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഫെബ്രുവരി/മാർച്ച് മാസം ബിസിസികളിൽ ഇതിനെ സംബന്ധിച്ച് വിചിന്തനം തയ്യാറാക്കി നല്കാൻ വേണ്ട ക്രമീകരണം ചെയ്യുന്നതാണ്.

[redacted]

**2018** ഒക്ടോബർ മാസം റോമിൽവച്ച് നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ യുവജനശുശ്രൂഷയെ കൂടുതൽ ശക്തിപ്പെടുത്തുക തിരുസഭയുടെ മറ്റ് ശുശ്രൂഷാ മേഖലകളിലൂടെ യുവജന ശുശ്രൂഷാ ചൈതന്യം സഭയിലെയും സമൂഹത്തിലെയും എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെയുള്ള കാലഘട്ടം കേരളസഭയിൽ യുവജനവർഷമായി കെസിബിസി പ്രഖ്യാപിക്കുകയാണ്. ആരാധനക്രമവത്സരമനുസരിച്ച് ജനുവരി 6 കർത്താവിന്റെ മാമ്മോദീസയെ അനുസ്മരിക്കുന്ന ദിനമാണ്. യുവാവായ യേശുനാഥനെക്കുറിച്ചുള്ള പിതാവായ ദൈവത്തിന്റെ സ്വരം സ്വർഗത്തിൽ നിന്നും മുഴങ്ങിക്കേട്ട ദിനമാണ് അന്ന്: "ഇവനെന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്ക 3:22). ഓരോ യുവാവിനെയും യുവതിയെയും കുറിച്ച് ലോകത്തോടുള്ള പിതാവായ ദൈവത്തിന്റെ പ്രഖ്യാപനമാണിത്. യുവാവായ യേശുവിന്റെ പരസ്യജീവിത കാലത്തിനു മുന്നോടിയായുള്ള മാമ്മോദീസായുടെ ഈ ദിനം യുവജനവർഷത്തിന്റെ പ്രാരംഭമാകുന്നത് ദൈവനിയോഗമാണ്.

മെത്രാന്മാരുടെ സിനഡിന്റെ 15-ാം പൊതുസമ്മേളനത്തിനുവേണ്ടിയുള്ള ഒരുക്കരേഖ 2017 ജനുവരി 13-ന് സഭാതലവനായ ഫ്രാൻസിസ് പാപ്പ പ്രസിദ്ധീകരിക്കുകയുണ്ടായി. "യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ" എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സിനഡ് വിളിച്ചുകൂട്ടപ്പെടുന്നത്. ലോകത്താകമാനമുള്ള ദൈവമക്കൾ സഭാപിതാക്കന്മാരോടൊപ്പം യുവജനങ്ങളെക്കുറിച്ച് പ്രത്യേകമായി ചിന്തിക്കുകയും പഠിക്കുകയും ചെയ്യുന്ന ഈ വർഷം 'യുവജനവർഷ'മായി കേരളത്തിൽ ആചരിക്കപ്പെടുന്നത് കാലഘട്ടത്തിന്റെ ആവശ്യവും ദൈവികപദ്ധതിയുമാണ്. ഫ്രാൻസിസ് പാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ, യുവജനങ്ങളുടെ ശബ്ദം കേൾക്കപ്പെടേണ്ട ഒരു കാലഘട്ടമാണിത്.

ഈ യുവജനവർഷത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ വരുന്ന ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതികൾ രൂപപ്പെടുത്തുന്നതിന് കേരളത്തിലെ 32 രൂപതകളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കേരളസഭയിലെ എല്ലാ ശുശ്രൂഷാമേഖലകളും സിനഡ് മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളെ പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻവേണ്ട ക്രമീകരണങ്ങൾ വിഭാവനംചെയ്യണമെന്ന് ഓർമിപ്പിക്കുന്നു. അതിനായി വചനപ്രഘോഷണം, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, കുടുംബ ശുശ്രൂഷ, തടവറപ്രേഷിതത്വം, വിശ്വാസപരിശീലന രംഗം, സാമൂഹ്യ ശുശ്രൂഷ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരും സംഘടനകളും സെമിനാരികളും സന്ന്യാസപരിശീലന കേന്ദ്രങ്ങളും യുവജനങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങളും ചർച്ചകളും കർമ്മപരിപാടികളും സംഘടിപ്പിക്കാൻ ശ്രദ്ധിക്കണം. കേരളത്തിലെ എല്ലാ യുവജനസംഘടനകളും അവരുടെ ശുശ്രൂഷാമേഖലകളെ ശക്തിപ്പെടുത്താനുതകുന്ന സംഘടനാപരവും കൂട്ടായും ഉള്ള പൊതു ഇടങ്ങൾ സൃഷ്ടിക്കാൻ ശ്രദ്ധിക്കണം.

നമ്മുടെ യുവജനങ്ങൾ നേരിടുന്ന അനവധിയായ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടക്കാനാവില്ല. വിദ്യാഭ്യാസലോൺ മൂലവും തൊഴിലില്ലായ്മ മൂലവും നട്ടംതിരിയുന്ന യുവജനങ്ങളുടെ എണ്ണം പെരുകുകയാണ്. ലഹരിക്കും അസാന്മാർഗികതയ്ക്കും അടി

മകളാകുന്നവരിലും ജയിലുകളിൽ കഴിയുന്നവരിലും ആത്മഹത്യയിൽ അഭയംകണ്ടെത്തുന്നവരിലും നല്ലൊരു പങ്കും യുവജനങ്ങളാണെന്നതിൽ സംശയമില്ലല്ലോ. നാനാവിധ വശീകരണശ്രമങ്ങൾക്കു വശംവദരായി കെണിയിൽപ്പെടുന്നവരും യുവതീയുവാക്കൾതന്നെ. ക്രൈസ്തവവിശ്വാസത്തോടു വിടപറഞ്ഞ് തീവ്രവാദപ്രസ്ഥാനങ്ങളിൽപ്പോലും നമ്മുടെ എതാനും ചില യുവതീയുവാക്കൾ ചെന്നെത്തിയെന്നത് നമ്മെ ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. ഇത്തരത്തിൽ യുവജനം കടന്നുപോകുന്ന വിദ്യാഭ്യാസപരവും തൊഴിൽപരവും സാമൂഹികവും ധാർമികവും മതപരവുമായ മേഖലകൾ ഗൗരവപൂർണമായ പഠനത്തിനും വിചിന്തനത്തിനും വിധേയമാകേണ്ടതാണ്. അവയ്ക്ക് ഫലപ്രദമായ പരിഹാരമാർഗങ്ങൾ കണ്ടെത്തിയേ തീരൂ.

മൂന്നു വ്യക്തിഗതസഭകൾക്കും പൊതുവായുള്ള ഔദ്യോഗിക യുവജനസംഘടനയായ കെസിവൈഎം അതിന്റെ റൂബി ജൂബിലി ആഘോഷിക്കുന്ന ഈ കാലയളവിൽത്തന്നെ കേരളസഭ യുവജനവർഷം ആചരിക്കുന്നു എന്നത് ഏറെ അർഥവത്താണ്. ഈ വർഷത്തിൽ സിനഡൊരുക്കരേഖയും സഭയുടെ യുവജനപ്രബോധനങ്ങളും നമ്മുടെ ആഴമായ പഠനത്തിനും വിചിന്തനത്തിനും വിഷയീഭവിക്കണം. പരമ്പരാഗതമായ യുവജന ശുശ്രൂഷാരീതികൾ, ആവശ്യമെങ്കിൽ ഒരു പുനർവായനയ്ക്ക് വിധേയമാക്കണം.

കേരളത്തിലെ യുവജനശുശ്രൂഷകളെ ഒന്നിപ്പിക്കുന്ന KCBC Commission for Youth-ന്റെ കുടക്കീഴിൽ കേരളത്തിലെ എല്ലാ കത്തോലിക്ക യുവജന സംഘടനകളും കൂടുതൽ കാര്യക്ഷമതയോടെ ഒന്നിച്ചുവർത്തിക്കുന്നത്, യുവജനങ്ങളുടെ സഭാ-സാമൂഹ്യപ്രതിബദ്ധതയ്ക്ക് പുതിയ മുഖവും ചടുലതയും പ്രദാനംചെയ്യും. ഒപ്പം, മറ്റു സഹോദരസഭകളുമായി ശക്തമായ ഒരു സഹവർത്തിത്വത്തിന്റെ യുവജനശുശ്രൂഷ വളർത്തിക്കൊണ്ടുവരേണ്ടത് കാലത്തിന്റെ ആവശ്യമാണ്.

സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെയുംകാൾ വർധിച്ചിരിക്കുന്നു. ഫ്രാൻസിസ് പാപ്പ ഒരുക്കരേഖയിൽ സൂചിപ്പിക്കുംപോലെ മാതാപിതാക്കൾ, അജപാലകർ, അധ്യാപകർ, പരിശീലനമേഖലകളിൽ സേവനംചെയ്യുന്നവർ എന്നിവരുടെ ജീവിതസാക്ഷ്യം കൂടുതൽ സൂക്ഷ്മത ആവശ്യപ്പെടുന്നു. അനുദിന ജീവിതത്തിൽ ദൈവഹിതം തിരിച്ചറിയാനും വ്യാഖ്യാനിക്കാനും തിരഞ്ഞെടുക്കാനും യുവജനങ്ങളെ പ്രാപ്തരാക്കുന്നതോടൊപ്പം സ്വയം പ്രാപ്തരാകാനും യുവതയുടെ സഹചാരികൾക്കു കടമയുണ്ട്. യുവജനങ്ങളോടൊപ്പമുള്ള ഇവരുടെ യാത്ര, മുഴുവൻക്രൈസ്തവ സമൂഹത്തെയും പടുത്തുയർത്തുന്ന മൂലക്കല്ലാകും (cf. യുവജനം, വിശ്വാസം, വിളിസംബന്ധമായ തിരിച്ചറിയൽ).

ഫ്രാൻസിസ് പാപ്പായുടെ ഹൃദയത്തോടു ചേർന്നുനിന്നുകൊണ്ട് തിരുസഭയുടെ യുവജന ചിന്തകൾക്ക് കേരള സംസ്ഥാനത്തിൽ ഒരു പുതിയ മുഖം നിർമിച്ചെടുക്കുവാൻ, യുവജനങ്ങളോട് ചോദിച്ചും മുതിർന്നവരോട് സംവദിച്ചും കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ വായിച്ചെടുത്തും വിശ്വാസത്തിലധിഷ്ഠിതമായ ഒരു യുവജന ശുശ്രൂഷാമേഖല വളർത്തിയെടുക്കാൻ ഈ യുവജനവർഷത്തിൽ സാധ്യമാകട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട്,

**ആർച്ചുബിഷപ് ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
ചെയർമാൻ, കെസിബിസി യൂത്ത് കമ്മീഷൻ

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം*
*കൊച്ചി - 682 025*

# ഓഖി പശ്ചാത്തലത്തിൽ ഒരു ക്രിസ്മസ് ആഘോഷം

(റവ.സി.ലിനറ്റ് CSST)

പതിവുപോലെ ഈ വർഷവും സിസ്റ്റേഴ്സ് എല്ലാവരും പിതാവിന് ക്രിസ്മസ് ആശംസകൾ അർപ്പിക്കാനായി സന്തോഷപൂർവ്വം ഒരുമിച്ചുകൂടി. ഇത്തവണ ഓഖി ദുരന്തപശ്ചാത്തലത്തിലുള്ള ക്രിസ്മസ് സന്ദേശങ്ങൾ പങ്കുവെയ്ക്കാൻ പിതാവ് ആവശ്യപ്പെട്ടപ്പോൾ, ആരുംതന്നെ കരുതിയില്ല ഇത് തങ്ങളുടെ ആത്മപരിശോധനയ്ക്കും ജീവിതപരിവർത്തനത്തിനുമുള്ള ഒരു വേദിയായിത്തീരുമെന്ന്.

ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ വേദന മനസ്സിലും ചിന്തയിലും പേറിയാണ് മിക്ക സിസ്റ്റേഴ്സും സമ്മേളനത്തിനെത്തിയതു തന്നെ. ദുരന്തബാധിതരെ സഹായിക്കുന്നതിനായി തങ്ങളാവുന്നതെല്ലാം ചെയ്യാമെന്ന് അവർ വാഗ്ദാനം ചെയ്തു. പലരും തങ്ങളുടെ ക്രിസ്മസ് ആഘോഷങ്ങൾ വെട്ടിച്ചുരുക്കി അവരെ സഹായിക്കാൻ സന്നദ്ധരായി. CTC യിലെ Sisters ഒരു പടികൂടി കടന്ന് അവരെ നേരിട്ടുകണ്ട് ആശ്വസിപ്പിച്ച് സഹായസന്നദ്ധത അറിയച്ചതിനു ശേഷമാണ് എത്തിയത്. ഈയൊരു സാഹചര്യത്തിൽ അവിടെയുണ്ടായിരുന്ന എല്ലാ സിസ്റ്റേഴ്സും ഓഖി ദുരന്തപശ്ചാത്തലത്തിൽ തങ്ങളുടെ മനസ്സിൽ ഉദിച്ചുവന്ന ചെറിയ ചെറിയ സന്ദേശങ്ങൾ പങ്കുവെച്ചു.

ഈ വർഷത്തെ ക്രിസ്മസ്, സഹജരോട് സഹാനുഭൂതിയുള്ള ഒരു ക്രിസ്മസ് ആക്കി മാറ്റാമെന്ന് ഏവരും മനസ്സിൽ പ്രതിജ്ഞയെടുത്തു. സഹിക്കുന്നവരോട് ഒപ്പമുള്ള ക്രിസ്മസ്. നമുക്കുചുറ്റും വേദനയും ദുരിതവും അനുഭവിക്കുന്നവരെ നമുക്കോർക്കാം. ഓഖി ദുരന്തം നമ്മിലും പരിവർത്തനങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിനാൽ ദുരന്തബാധിതരുടെ ദുഃഖത്തോട് നമുക്കും ചേർന്നു നിൽക്കാം. സഹിക്കുന്നവരോട് ചേർന്ന് അവരുടെ സാന്നിദ്ധ്യമായി മാറാം. കാത്തിരിപ്പിന്റെ അവസാനവും പ്രതീക്ഷയുടെ തുടക്കവുമാണ് ക്രിസ്മസ്. അതുപോലെ അവരുടെ ഉള്ളിലും ഇനിയും പ്രതീക്ഷയുടെ നാമ്പുകൾ മുളയ്ക്കുവാനും ഹൃദയത്തിൽ ഉണ്ണിയേശു പിറക്കാനും നമുക്ക് പ്രാർത്ഥിക്കാം.

ആദ്യത്തെ ക്രിസ്മസ് സ്നേഹത്തിന്റെ ഒരു ഓർമ്മപ്പെടുത്തലാണ്. തന്റെ ഏകജാതനെ അയയ്ക്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. എന്നാൽ ഇന്ന്, ക്രിസ്മസ് ആർഭാടത്തിന്റെ ആഘോഷമായി മാറുകയാണ്. പുൽക്കൂട്ടിൽ പിറന്ന യേശുവിനെ രക്ഷകനായി സ്വീകരിക്കണമെങ്കിൽ നാം വാക്കിലും പ്രവൃത്തിയിലും ഉണ്ണിയേശുവിനെപ്പോലെയാകണം. നമ്മുടെ സഹോദരങ്ങൾ വേദനയിലും സഹനത്തിലും പട്ടിണിയിലും കഴിയുമ്പോൾ ആർഭാടങ്ങൾക്കും അലങ്കാരങ്ങൾക്കും വേണ്ടി നമുക്ക് പണം ചെലവാക്കാതിരിക്കാം. കാരണം രക്ഷകൻ ഭൂമിയിൽ പിറന്നത് അലങ്കാരങ്ങളില്ലാതെയാണ്.

പൂജ്യരാജാക്കന്മാർ തങ്ങളുടെ ദിശ മാറി സഞ്ചരിച്ചപ്പോൾ അവർക്ക് ഈശോയെ ദർശിക്കാനായി. അതുപോലെ സ്വാർത്ഥതയുടെയും അഹങ്കാ

രത്തിന്റെയും അനാദരവിന്റെയും ദിശകൾ മാറ്റി നമുക്കും നമ്മുടെ ഉണ്ണിയെ ദർശിക്കാം.

ഈശോയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ടവരാണ് മുക്കുവർ. ഗലീലിയാ കടൽത്തീരത്തുകൂടി മുക്കുവരോടൊപ്പം നടന്നവനാണ് ഈശോ. അതുകൊണ്ടുതന്നെ ഈ മുക്കുവരുടെ ദുഃഖം തുടച്ചുമാറ്റാൻ ഈശോയ്ക്ക് മാത്രമേ കഴിയൂ. ഈ ദുഃഖിതരെ മനസ്സിൽ കണ്ടുകൊണ്ടു വേണം നമ്മുടെ ഈ വർഷത്തെ ക്രിസ്മസ് ആഘോഷങ്ങൾ. സ്നേഹം മണ്ണിൽ പിറന്ന ദിവസമാണ് ക്രിസ്മസ്. ഉണ്ണിയേശു ഭൂമിയിലേക്കു വന്നതു തന്നെ നമുക്കു ശാന്തിയും സമാധാനവും നൽകാനാണ്. ആ ഉണ്ണിയേശു നമ്മോടൊപ്പം സന്തോഷിക്കുവാനും ചിരിക്കാനും ആഗ്രഹിക്കുന്നു. ഈശോയ്ക്ക് ഏറെയിഷ്ടമുള്ള ആ മക്കൾ കരയുമ്പോൾ നമുക്കെങ്ങനെ ആഘോഷിക്കുവാനാകും? കരയുന്ന ആ മക്കൾക്കായി നമുക്ക് നമ്മുടെ ഹൃദയങ്ങൾ തുറന്നു കൊടുക്കാം. അവരോടൊപ്പം ആയില്ലെങ്കിലും ഇവിടെയിരുന്നു കൊണ്ട് അവർക്കായി പ്രാർത്ഥിക്കാം. അവരെ ഓരോരുത്തരെയും അമ്മ മാതാവിന് സമർപ്പിക്കാം. മാതാവിന്റെ മാധ്യസ്ഥത്തിലൂടെ അവരുടെ സമാധാനത്തിനായി പ്രാർത്ഥിക്കാം. നഷ്ടപ്പെടാത്തിടത്തോളം കാലം നഷ്ടപ്പെടലിന്റെ വേദന നമുക്കും വന്നു കൂടായ്കയില്ല. അതുകൊണ്ട് അവർക്കു വേണ്ട സഹായങ്ങൾ നമുക്കു ചെയ്തു കൊടുക്കാം. അവർക്കായി നമ്മുടെ ഹൃദയങ്ങൾ തുറന്നു കൊടുക്കാം. അവരുടെ ഹൃദയങ്ങളിൽ ആശ്വാസമായ്, സാന്ത്വനമായ്, ഉണ്ണീശോയായ് നമുക്കും പിറക്കാം. ആയിരം പുൽക്കൂട്ടിൽ ഉണ്ണി പിറന്നാലും നമ്മുടെ ഹൃദയങ്ങളിൽ ഉണ്ണി പിറന്നില്ലെങ്കിൽ എന്തു പ്രയോജനം?

ഓഖി ദുരന്തപശ്ചാത്തലത്തിലുള്ള ക്രിസ്മസ് ആഘോഷവേളയിൽ വളരെ അർത്ഥവത്തായ സന്ദേശമാണ് പിതാവ് നൽകിയത്. ദുരന്തബാധിതരെ മനസ്സിൽ കണ്ടുകൊണ്ടും ക്രിസ്മസിന്റെ ധ്യാനവും ചിന്തയും ഉൾക്കൊണ്ടുകൊണ്ടും, സിസ്റ്റേഴ്സ് പങ്കുവെച്ച സന്ദേശങ്ങൾ മനോഹരമായിരുന്നുവെന്ന് പിതാവ് ആദ്യമേ തന്നെ എല്ലാവരെയും അഭിനന്ദിച്ചു. സന്തോഷവും ദുഃഖവുമൊക്കെ നമ്മുടെ ജീവിതത്തിന്റെ ഭാഗങ്ങളാണ്. അതുകൊണ്ട് വേദനിക്കുന്നവരോടു കൂടെ പങ്കുചേരാൻ പിതാവ് ആഹ്വാനം ചെയ്തു. സത്യദീപത്തിൽ പറഞ്ഞതുപോലെ ഭാര്യയും ഭർത്താവും കൂടി നശിപ്പിച്ചത് അമ്മയും കുഞ്ഞും കൂടി വീണ്ടെടുത്തു- അതാണ് ക്രിസ്മസ്. സ്ത്രീയെക്കുറിച്ചുള്ള ഏറ്റവും മനോഹരമായ കവിതയാണ് ലുത്തിനിയ എന്ന് ഡോക്ടർ പ്രമീളാ ദേവി പറഞ്ഞത് ഈയവസരത്തിൽ പിതാവ് അനുസ്മരിച്ചു. കുടുംബത്തിൽ സ്ത്രീകൾ വിളക്കാണ്. അതുപോലെ കന്യാസ്ത്രീകളാണ് കത്തോലിക്കാസഭയുടെ വിളക്ക്- ശക്തി. ദൈവത്തിന്റെ പ്രത്യേക പദ്ധതിയാണ് സിസ്റ്റേഴ്സ്.

ഒരു തരത്തിൽ പറഞ്ഞാൽ ദരിദ്രന്റെ ആഘോഷമാണ് ക്രിസ്മസ്. സമ്പന്നനായ ദൈവം ഏറ്റവും ദരിദ്രനായി അവതരിച്ചു. ആരും ഉപയോഗിക്കാത്ത കാലിത്തൊഴുത്തിലാണ് ഉണ്ണിയേശു പിറന്നത്. ആരും ഉപയോഗിക്കാത്തതും ആരുടെയും സ്വന്തമല്ലാത്തതുമായ കാലിത്തൊഴുത്ത്. അതുപോലെ പരിശുദ്ധ കന്യാമറിയം ആരും സ്പർശിക്കാത്ത, ആരും ഉപയോഗിക്കാത്ത ഗർഭപാത്രം എന്നും പിതാവ് പറഞ്ഞു.

രക്ഷകനെ കാത്തുകഴിയുന്നവരാണ് ആട്ടിയന്മാർ. ഇടയന്മാർക്ക് ആടുകൾ സ്വന്തമല്ല. എന്നിട്ടും അവരുടെ ശ്രദ്ധ മുഴുവൻ ആടുകളിലായിരിക്കും.

അതുപോലെ അമ്മമാരുടെ ശ്രദ്ധ എപ്പോഴും കുഞ്ഞിലായിരിക്കും. ഒരമ്മയും സുഖമായി ഉറങ്ങാറില്ലായെന്നും പിതാവ് ഓർമ്മിച്ചു.

മനുഷ്യൻ എന്നും സമ്പത്തിനു വേണ്ടിയാണ് വഴക്കു കൂടിയിട്ടുള്ളതെന്ന് പിതാവ് അഭിപ്രായപ്പെട്ടു. ആത്മീയതയ്ക്കായി ആരും വഴക്കുകൂടിയതായി കേട്ടിട്ടില്ല. സമ്പത്തിനേക്കാൾ ആത്മീയതയ്ക്ക് സ്ഥാനം നൽകുക. ഭൗതികമായ നഷ്ടത്തേക്കാൾ ആത്മീയമായ നഷ്ടത്തെക്കുറിച്ച് ചിന്തിക്കുക. മനസ്സിന്റെ അന്ധകാരമെല്ലാം മാറ്റി ഒരു പ്രകാശമായി ഈശോ അവതരിച്ചു. ദൈവത്തെ കാണാനുള്ള അവസരം തന്നു. അതുകൊണ്ട് ഉള്ളിന്റെയുള്ളിൽ നിറഞ്ഞ് ഈ ക്രിസ്മസ് ആഘോഷിക്കാമെന്ന് പിതാവ് ആശംസിച്ചു. ■

---

# വിശ്വാസക്കണ്ണാടി (കഥ)

(റ്റിന്റു മാപ്പിളക്കുന്നേൽ, പ്രൊപ്പ്രോസ്)

എല്ലാ വർഷത്തെയും പോലെ എട്ടു ദിവസത്തെ നോമ്പാചരണത്തിനു ശേഷം പരിശുദ്ധ അമ്മയുടെ ദൈവാലയത്തിലേക്ക് ഞാൻ പുറപ്പെട്ടു. യാത്രയിലുടനീളം ജീവിതത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെക്കുറിച്ചുള്ള ചിന്തകൾ മനസ്സിൽ അലയടിച്ചുകൊണ്ടിരുന്നു. പ്രാർത്ഥനകളും നേർച്ചകളും മുറപോലെ അനുഷ്ഠിച്ചിട്ടും ഉള്ളിന്റെയുള്ളിൽ ചാരം മൂടിക്കിടക്കുന്ന തീക്കനലുകൾ അണയാതെ വന്നപ്പോൾ, വിശ്വാസമെന്ന കണ്ണാടിയിൽ ചില പോറലുകൾ വീണു തുടങ്ങിയിരിക്കുന്നതായി ഞാൻ അറിഞ്ഞു. കരിനിഴൽ മൂടിയ മനസ്സുമായി പാവനമായ ആ മണ്ണിൽ ഞാൻ എത്തിച്ചേർന്നു.

തിരികൾ കത്തിച്ച്, നേർച്ചക്കാഴ്ചകൾ അർപ്പിച്ചതിനുശേഷം ഞാൻ ദൈവാലയത്തിൽ പ്രവേശിച്ചു. തിക്കിത്തിരക്കി അൾത്താരയ്ക്ക് സമീപമെത്തി, മനസ്സിനെ കാർന്നു തിന്നുകൊണ്ടിരുന്ന ആകുലതകളാകുന്ന മുത്തുകൾ ചേർത്ത് ഒരു ജപമാലയുണ്ടാക്കി, ഉണ്ണീശോയെ കൈയ്യിലേന്തിയ പരിശുദ്ധ അമ്മയുടെ പാദത്തിങ്കൽ സമർപ്പിച്ചു. പുറത്തിറങ്ങി വീണ്ടും കൽക്കുരിശിനു സമീപമെത്തി ആൾത്തിരക്ക് കുറഞ്ഞ ഒരു ഭാഗത്ത് മാറി നിന്നു. നെടുവീർപ്പുകൾ കുമിളകൾ പോലെ മിന്നിമറഞ്ഞു കൊണ്ടിരുന്നു. അപ്പോഴാണ് ഞാൻ ആ കാഴ്ച കാണുന്നത്!!!

വളരെ ഉയരം കുറഞ്ഞ, തടിച്ച ശരീരമുള്ള, മാനസിക വളർച്ചയെത്താത്ത ഒരു യുവാവ് തന്റെ വൃദ്ധയായ അമ്മയുടെ കൈയ്യിൽ പിടിച്ചുകൊണ്ട് ആൾക്കൂട്ടത്തിനിടയിലൂടെ നടന്നുവരുന്നു. അയാൾ മുടി പറ്റെ വെട്ടിയിരിക്കുന്നു, മുണ്ട് വലിയ വയറിന് മുകളിൽ കയറ്റി ഉടുത്തിരിക്കുന്നു. വലിയ, അരക്കൈയ്യൻ ഷർട്ടാണ് ധരിച്ചിരിക്കുന്നത്. അയാളുടെ അമ്മയുടെ കൈയ്യിൽ, ജീവിതത്തിലെ വിഷമതകളും ആഗ്രഹങ്ങളും നേർച്ചകാഴ്ചകളുടെ രൂപത്തിൽ മുഷിഞ്ഞ ഒരു പ്ലാസ്റ്റിക് കവറിനുള്ളിലാക്കി കരുതിയിരുന്നു. രണ്ടുപേരും നല്ലതുപോലെ ക്ഷീണിതരാണ്.

അവർ അടുത്ത് എത്തിയപ്പോൾ, എന്റെയരികിൽ നിന്നിരുന്ന ബുദ്ധിഭ്രമം ബാധിച്ച ഒരു യാചകൻ, ഉയരം കുറഞ്ഞ ആ മനുഷ്യനെ കാരണമൊന്നും കൂടാതെ അധിക്ഷേപിക്കുവാനും കളിയാക്കി സംസാരിക്കുവാനും തുടങ്ങി.

"കുള്ളൻ സക്കായി വരുന്നേ.. പൊക്കമില്ലാത്തവൻ, മന്ദബുദ്ധി, ദൈവത്തിന് പോലും വേണ്ടാത്തവൻ, വയറ് കണ്ടില്ലേ... കുടവയറൻ... ഹ...

ഹ...ഹാ" എന്നൊക്കെ അയാൾ വിളിച്ചു കൂവി. സമീപത്തു കൂടി കടന്നു പോകുന്നവർ ദയനീയഭാവം കലർന്ന മുഖത്തോടെ ആ യുവാവിനെയും അമ്മയെയും നോക്കി നടന്നു മറഞ്ഞുകൊണ്ടിരുന്നു. യാചകന്റെ വാക്കുകൾ കേട്ടമാത്രയിൽ യുവാവിന്റെ കണ്ണുകൾ നിറഞ്ഞു കവിയുവാൻ തുടങ്ങി. അയാളുടെ ഹൃദയതാളം വർദ്ധിക്കുന്നതായി ഞാൻ അറിഞ്ഞു. വിറയാർന്ന സ്വരത്തോടെ അവൻ തന്റെ അമ്മയോട് ചോദിച്ചു. "അമ്മേ, അയാൾ പറഞ്ഞതു കേട്ടില്ലേ?" ഞാൻ കുള്ളനാണെന്ന്.. ദൈവത്തിന് എന്നോട് ഇഷ്ടമില്ലേ അമ്മേ?" ഇത് കേട്ടപ്പോൾ എന്റെ നെഞ്ചൊന്ന് പിടഞ്ഞു. ശരീരം, വെയിലേറ്റ് വാടിയ ചേമ്പില പോലെ തളർന്നു പോകുന്നതുപോലെ അനുഭവപ്പെട്ടു. "സാരമില്ല സഹോദരാ... ദൈവം എല്ലാം കാണുകയും അറിയുകയും ചെയ്യുന്നു", എന്ന് ഞാൻ, എന്റെ മനസ്സിൽ അവരെ സമാധാനിപ്പിച്ചു.

തകർന്ന ഹൃദയത്തോടെ നിസ്സഹായയായ ആ അമ്മ തന്റെ മകനെയും ആശ്വസിപ്പിച്ചുകൊണ്ട് നടന്നു നീങ്ങി. അപ്പോഴും ഭ്രാന്തനായ യാചകൻ തന്റെ ആക്രോശം കൂടുതൽ ഉച്ചത്തിൽ തുടർന്നുകൊണ്ടിരുന്നു. എനിക്ക് ആ മനുഷ്യനോട് അടക്കാനാവാത്ത ദേഷ്യം തോന്നി. എങ്ങനെയെങ്കിലും യുവാവിനെയും അവന്റെ അമ്മയെയും ആശ്വസിപ്പിക്കണം എന്ന് കരുതി ഞാൻ അവർ പോയ ഭാഗത്തേക്ക് തിരിഞ്ഞു. അപ്പോൾ ഞാൻ കണ്ടതായ കാഴ്ച എന്നെ അത്യധികം വിസ്മയിപ്പിച്ചു.

അതാ, പ്രകാശപൂർണ്ണമായ രണ്ട് ദിവ്യാലയങ്ങളാൽ പൊതിയപ്പെട്ട് ആ അമ്മയും മകനും ആൾക്കൂട്ടത്തിനിടയിലേക്ക് നടന്നു മറയുന്നു. എരിയുന്ന വെയിലിലും ഒരു കുളിർതെന്നൽ എന്നെ തഴുകി കടന്നുപോയി. ഒന്നുമറിയാതെ ജനസാഗരം ഒഴുകിക്കൊണ്ടിരുന്നു. അടുത്ത നിമിഷം ദൈവാലയാങ്കണത്തിൽ സ്ഥാപിച്ചിരുന്ന വലിയ സ്ക്രീനിൽ ഈ തിരുവചന ഭാഗങ്ങൾ ഞാൻ കണ്ടു.

"അവിടുന്ന് എന്റെ അലച്ചിലുകൾ എണ്ണിയിട്ടുണ്ട്; എന്റെ കണ്ണീർക്കണങ്ങൾ അങ്ങ് കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട്." (സങ്കീർത്തനം 56:8). "അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക" (യോഹന്നാൻ 20:27)

"കുഞ്ഞേ, നിന്നെ നൊമ്പരപ്പെടുത്തുന്ന മുറിവുകളുടെ പാടുകൾ എന്റെ ശരീരത്തിലും നീ കാണുന്നില്ലേ. ഞാൻ നിന്നെ അറിയുന്നു. പിന്നെ എന്തിന് നീ ആകുലപ്പെടുന്നു" എന്ന സ്വരം എന്റെ മനസ്സിനെ സാന്ത്വനപ്പെടുത്തി. അവർണ്ണനീയമാംവിധം പീഡകളും നിന്ദനങ്ങളും സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിച്ച ഒരു മകനും വ്യാകുലങ്ങൾ എളിമയോടെ ഏറ്റുവാങ്ങി, പുത്രനോടൊപ്പം പൂജിതയായ ഒരു അമ്മയും ഇന്നും നമുക്ക് സാന്ത്വനമായി നമ്മുടെ ചാരെ വസിക്കുന്നു. അവൻ സഹിച്ച പീഡനങ്ങളുടെയും നിന്ദനങ്ങളുടെയും ഒരംശമെങ്കിലും ഏറ്റെടുക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. അത് നമ്മെ വലിയ മഹത്വത്തിലേക്ക് എത്തിക്കുന്നു. ഈ ചിന്തകളിലൂടെ കടന്നുപോകവേ, വിശ്വാസത്തിന്റെ കണ്ണാടി എന്നിൽ വെട്ടിത്തിളങ്ങുന്നതായി ഞാൻ അറിഞ്ഞു. തിരുസന്നിധിയിൽ മുട്ടുകുത്താൻ എനിക്ക് വീണ്ടും ആലോചിക്കേണ്ടി വന്നില്ല.

പ്രാർത്ഥനകൾ ഒരിക്കലും പതിരുകളാവുകയില്ല. അത് നമ്മെ മഹത്വീകരിക്കുന്നതിനായി കാത്തിരിക്കുന്നു. വേനലിൽ വിണ്ടുകീറിയ നിലത്ത് മഴമേഘങ്ങൾ എന്നതുപോലെ അവ നമ്മെ ഫലഭൂയിഷ്ഠമാക്കുന്നു.

■

# ഇടവക വാർത്തകൾ

## LECTIO DIVINA (ലെക്സിയോ ഡിവിനാ)

മുണ്ടക്കയം സെന്റ് മേരീസ് ദേവാലയത്തിൽ ജനുവരി മാസം രണ്ടാം ശനി യാഴ്ച പ്രാർത്ഥനാപൂർവ്വമുള്ള ബൈബിൾ പാരായണം നടത്തപ്പെട്ടു. രാവിലെ 8.30 ന് ആരംഭിച്ച ബൈബിൾ പാരായണ ധ്യാനം വൈകിട്ട് 5 മണിക്കുള്ള വിശുദ്ധ കുർബ്ബാനയോടു കൂടിയാണ് പര്യവസാനിച്ചത്. വികാരി മോൺ. ഹെൻറി കൊച്ചുപറമ്പിൽ ആഘോഷമായ ബൈബിൾ പ്രതിഷ്ഠ നടത്തുകയും ആമുഖസന്ദേശം നൽകുകയും ചെയ്തതോടെ ശുശ്രൂഷകൾ ആരംഭിച്ചു. വിശുദ്ധ ഗ്രന്ഥത്തിലെ 73 പുസ്തകങ്ങളിൽ നിന്നുമുള്ള വായ നകൾ ചുമതലപ്പെടുത്തിയിരുന്ന 73 വ്യക്തികൾ പാരായണം നടത്തുകയു ണ്ടായി. ഉൽപ്പത്തി പുസ്തകത്തിൽ നിന്നുമുള്ള വചനഭാഗം വായിച്ചു തുട ങ്ങിയത് മോൺ. ഹെൻറി കൊച്ചുപറമ്പിലാണ്.

വിശുദ്ധ ഗ്രന്ഥവചനം ഉപയോഗിച്ച് വായിക്കാനും, ചിന്തിക്കാനും, പ്രാർത്ഥിക്കാനും, ധ്യാനിക്കാനും സഹായിക്കുന്ന പ്രാർത്ഥനാ രീതിയാണ് ഇവിടെ അനുവർത്തിച്ചത്. വായനകൾക്കിടയിൽ സ്തുതിപ്പ്, വിചിന്തനം, ഭക്തി സാന്ദ്രമായ ഗാനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരുന്നു. അസി. വികാരി റവ. ഫാ. വിജോഷ് മുള്ളൂർ ഓരോ ഘട്ടത്തിലും വിശുദ്ധ ഗ്രന്ഥം വ്യാഖ്യാ നിക്കുകയും പരിചയപ്പെടുത്തുകയും ചെയ്യുകയുണ്ടായി. മലയാളത്തിനു പുറമേ ലത്തീൻ, സ്പാനിഷ്, ഇറ്റാലിയൻ, ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ ഭാഷകളിലും ബൈബിൾ പാരായണം നടത്തപ്പെട്ടു. വായനയിൽ പങ്കെടുത്ത എല്ലാവരും ആദ്യന്തം ശുശ്രൂഷയിൽ പങ്കുചേരുകയും, എല്ലാവർക്കും പരി ശുദ്ധാത്മാവിന്റെ നിറവും അഭിഷേകവും ലഭിക്കുകയുമുണ്ടായി.

ഈ ദിനത്തിൽ നടന്ന എല്ലാ പ്രവർത്തനങ്ങളും ക്രമീകരിക്കുകയും, ചിട്ട പ്പെടുത്തുകയും ചെയ്തത് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ, കുടുംബ കൂട്ടായ്മ ലീഡർ ശ്രീമതി സൂസമ്മ മണ്ഡപത്തിൽ, റവ. സിസ്റ്റർ ഷീബ സി. എസ്. എസ്. റ്റി എന്നിവരാണ്.

---

## കെ.സി.ബി.സി പുരസ്കാരം



കെ.സി.ബി.സി ബൈബിൾ കമ്മിഷൻ വചനാധിഷ്ഠിത ചിന്തയ്ക്കും സംസ്കാരത്തിനും പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച സാഹിത്യ രചനാമത്സരങ്ങളിൽ ചെറുകഥാ വിഭാഗത്തിൽ പൊതി സെന്റ് മൈക്കിൾസ് ഇടവകാംഗമായ ശ്രീ. ആർട്സൺ പൊതി (സി.എ. സണ്ണി) രചിച്ച 'എന്റപ്പൻ ഈ വീടിന്റെ നാഥൻ' എന്ന ചെറുകഥ 3-ാം സമ്മാനത്തിന് അർഹമായി. ഹാർദ്ദമായ അനുമോദന ങ്ങൾ.

# പള്ളിവാസൽ സെന്റ് ആൻസ് ദൈവാലയത്തിൽ തിരുക്കുടുംബ ദിന ആഘോഷം



2017-ലെ ആരാധനക്രമമനുസരിച്ച് ഡിസംബർ 31-ാം തീയതി തിരുക്കുടുംബത്തിന്റെ തിരുനാൾ ആയതിനാൽ പള്ളിവാസൽ ഇടവകയിൽ പ്രസ്തുതദിനം തിരുക്കുടുംബദിനമായി ആചരിച്ചു.

ബൈബിൾ ഞായർ ആചരണവുമായി ബന്ധപ്പെട്ട് വൈകിട്ട് 5 മണിക്ക് ഇടവകയിലെ കുടുംബക്കൂട്ടായ്മകളെ ഉൾപ്പെടുത്തി 2018-ലെ ലോഗോസ് ക്വിസിനുള്ള വചനഭാഗങ്ങളെ ആസ്പദമാക്കി ക്വിസ് നടത്തുകയും ഒന്നും രണ്ടും സ്ഥാനം നേടിയ കൂട്ടായ്മകൾക്കു സമ്മാനം നല്കുകയും ചെയ്തു.

6 മണിക്ക് ആരംഭിച്ച പൊതുസമ്മേളനത്തിൽ പ്രാദേശിക രാഷ്ട്രീയ നേതാക്കളും ടാറ്റാ ടീ കമ്പനിയുടെ മാനേജർമാരും വിശിഷ്ടാഥിതികളായിരുന്നു. പള്ളിവാസൽ പ്രദേശത്തു നിന്നും ആദ്യമായി LLB വിജയകരമായി പൂർത്തിയാക്കിയ വിവേക് ഭാരതിനെ പള്ളിവാസൽ എസ്റ്റേറ്റ് മാനേജർ ശ്രീ. ബലിയപ്പ പൊന്നാട അണിയിച്ചു സ്വീകരിക്കുകയും ഇടവക സെക്രട്ടറി ശ്രീ. ആരോഗ്യസ്വാമി ഇടവകയുടെ ഉപഹാരം നല്കുകയും ചെയ്തു. തുടർന്നു ക്രിസ്മസ് കരോൾഗാന മത്സരവും ഇടവകാംഗങ്ങളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. തുടർന്നു ദൈവാലയത്തിൽ ഒരുക്കിയിരുന്ന അഗാപ്പെയിൽ ഏവരും പങ്കുചേർന്നു.

കലാസന്ധ്യക്കുശേഷം നടന്ന ആരാധനയിലും പുതുവർഷപ്പുലരിയിലെ വി.കുർബാനയിലും ഓരോ കുടുംബങ്ങളിലെ അംഗങ്ങളെല്ലാം പ്രത്യേകമായിട്ടാണ് ഉപവിഷ്ടരായിരുന്നത്. കാഴ്ചവയ്പ്പിന്റെ സമയത്ത് ഓരോ കുടുംബവും മുന്നോട്ടു വന്ന് പ്രത്യേകം തയ്യാറാക്കിയ തിരുക്കുടുംബപീഠത്തിനു മുമ്പിലെത്തി കാഴ്ചയർപ്പിച്ചു. കുർബാനയ്ക്കു ശേഷം മക്കൾ ഒന്നുചേർന്ന് തങ്ങളുടെ മാതാപിതാക്കൾക്കു സമ്മാനം നല്കിയത് സുന്ദരമായ അനുഭവമായിരുന്നു. തുടർന്ന് കുർബാനയിൽ പങ്കെടുത്ത എല്ലാവർക്കും വികാരിയച്ചൻ കൈനീട്ടം നല്കി.

# ബൈബിൾ മാസാചരണം



എലിക്കുളം ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ ഡിസംബർ 3-ാം തീയതി ഞായറാഴ്ച ദിവ്യബലിയോടുകൂടെ ബൈബിൾ മാസാചരണത്തിന് ആരംഭം കുറിച്ചു. മതബോധനത്തിനുശേഷം ഗ്രൂപ്പുകളായിതിരിഞ്ഞ് വൈകുന്നേരം 4 മണി വരെ അദ്ധ്യാപകരും വിദ്യാർത്ഥികളും ബൈബിൾ പാരായണം ചെയ്തു. അതിനുശേഷം ബൈബിളിന്റെ സന്ദേശം പ്രാവർത്തികമാക്കിക്കൊണ്ട് വികാരിയച്ചന്റെ നേതൃത്വത്തിൽ വൃദ്ധസദനം സന്ദർശിച്ചു. തുടർന്നുള്ള ഞായറാഴ്ചകളിലും ബൈബിൾ പാരായണം നടത്തി. 31-ാം തീയതി ബൈബിൾ ഞായർ ആചരിച്ചുകൊണ്ട് ബൈബിൾ മാസാചരണത്തിന് സമാപനം കുറിച്ചു. ഈ ആഘോഷത്തിന്റെ സമാപനമായി അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ദേവാലയങ്കണത്തിൽ ബൈബിൾ ട്രീക്ക് രൂപം നൽകി. വിശുദ്ധ ഗ്രന്ഥത്തെ അടുത്തറിയാൻ ഈ ആഘോഷം സഹായിച്ചു.

# ക്രിസ്തുരാജ ദൈവാലയം, മൂവാറ്റുപുഴ
# അഭിനന്ദനങ്ങൾ



അൽക്ക ജോൺസൺ



അമൽ സുനിൽ

സംസ്ഥാനസ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം ഉറുദുസംഘഗാനത്തിന് 'എ' ഗ്രേഡ് ലഭിച്ച അമൽ സുനിലും ഹൈസ്കൂൾ വിഭാഗം മാർഗ്ഗംകളിയ്ക്ക് 'എ' ഗ്രേഡ് ലഭിച്ച അൽക്ക ജോൺസണും. ഇവർ മൂവാറ്റുപുഴ ക്രിസ്തുരാജ ദൈവാലയ ഇടവകാംഗങ്ങളാണ്.

## സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ പാറേൽ പള്ളി – "അലിവ്"



പരി. ഫ്രാൻസീസ് പാപ്പായുടെ ലോക ദരിദ്രരുടെ ദിനം പ്രഖ്യാപനത്തിന്റെ അനുസ്മരണാർത്ഥം "വിശക്കുന്ന വയറിന് അലിവിന്റെ ഒരു പൊതി" എന്ന ലക്ഷ്യത്തോടെ ഇടവകയിൽ രൂപീകരിച്ച പദ്ധതി ജാതിമതഭേദമില്ലാതെ ആഹാരത്തിനായി വിഷമിക്കുന്നവർക്ക് ആരുടേയും അനുവാദമില്ലാതെ ഒരു പൊതി അരി എടുക്കുവാൻ സാധിക്കുന്നവിധം പള്ളിയങ്കണത്തിൽ ഒരു തുറന്ന പെട്ടി സ്ഥാപിച്ചിരിക്കുന്നു.

ഈ പദ്ധതിയുടെ ഉദ്ഘാടനം 19-11-2017 ഞായറാഴ്ച രണ്ടാമത്തെ ദിവ്യബലിയ്ക്കു ശേഷം ഇടവക വികാരി റവ. ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് റവ. സി. റീത്താമ്മ ഉദ്ഘാടനം ചെയ്തു. അന്നേ ദിവസം പത്തു കുടുംബങ്ങൾക്കു 10 കിലോഗ്രാം അരി വീതം നൽകി. ഈ മീറ്റിംഗിന് റവ. ഡീക്കൻ ജിനോയി ആശംസയർപ്പിച്ചു. പാരീഷ് കൗൺസിൽ സെക്രട്ടറി ശ്രീ മാത്യു മൂഴിപ്പറമ്പിൽ സ്വാഗതവും സാമ്പത്തിക കമ്മിറ്റി അംഗം ശ്രീ ജോസ് ചാത്തനാട്ട് കൃതജ്ഞതയും രേഖപ്പെടുത്തി. ഈ പരിപാടിക്കുവേണ്ടി പൊതുജനങ്ങൾ നിർലോഭം സംഭാവനകൾ നൽകിവരുന്നു. ഏവർക്കും നന്ദി. ■

## കരോൾ ഗാനമത്സരങ്ങൾ – പാക്കിൽ സെന്റ് തെരേസാസ് ജേതാക്കളായി

പാക്കിൽ സെന്റ് തോമസ് യാക്കോബായ സുറിയാനി ഇടവകയിൽ ഡിസംബർ 26ന് നടത്തിയ അഖിലകേരള കരോൾ ഗാനമത്സരത്തിൽ പാക്കിൽ സെന്റ് തെരേസാസ് ഇടവക ഗായകസംഘം ഒന്നാംസ്ഥാനം കരസ്ഥമാക്കി. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള 16 ഗായകസംഘങ്ങൾ മത്സരത്തിൽ പങ്കെടുത്തിരുന്നു. ആഷിക് സി. മാണി മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും 10,001/ രൂപയും പാരിതോഷികമായി ലഭിച്ചു.

കോട്ടയം കൊല്ലാട് വൈ.എം.സി.എയിൽ ഡിസംബർ 31ന് നടത്തിയ കരോൾ ഗാന മത്സരത്തിലും പാക്കിൽ സെന്റ് തെരേസാസ് ഗായകസംഘത്തിന് മൂന്നാം സമ്മാനം ലഭിച്ചു. വിവിധ ക്രിസ്തീയ സഭകളിൽ നിന്നും 12 ടീമുകൾ മത്സരത്തിൽ പങ്കെടുത്തിരുന്നു. 10001 രൂപയും ട്രോഫിയും സമ്മാനമായി ലഭിച്ചു. കഴിഞ്ഞ വർഷം നടത്തിയ കരോൾ ഗാന മത്സരത്തിൽ രണ്ടാം സ്ഥാനം പാക്കിൽ സെന്റ് തെരേസാസ് ഗായകസംഘത്തിനു ലഭിച്ചിരുന്നു.

# Santa Maria Addolarata –ബൈബിൾ ക്വിസ്സ് മത്സരം



ഇടവകദിനാഘോഷത്തിന്റെ ഭാഗമായി "Santa Maria Addolarata ബൈബിൾ ക്വിസ് മത്സരം കുറുമുള്ളൂർ പാറേൽപ്പള്ളി" എന്ന പേരിൽ ഒരു ക്വിസ്സ് മത്സരം 3-12-2017 ഞായറാഴ്ച 9.30 a.m ന് ദേവാലയത്തിൽ പ്രത്യേ കമായി സജ്ജീകരിച്ച വേദിയിൽ നടത്തി. 9 പ്രാർത്ഥന കൂട്ടായ്മകളിൽ നിന്നും ടീമുകൾ പങ്കെടുത്തു. ഇടവകവികാരി റവ. ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഉദ്ഘാടനം ചെയ്ത ഈ മത്സരത്തിന് കാരിസ് ഭവൻ സിസ്റ്റേഴ്സ് സി. റീത്താമ്മ, സി. സിനി, സി.സബിത, റവ. ഡീക്കൻ ജിനോയി എന്നിവർ നേതൃത്വം നൽകി. 5-ാം വാർഡ് വിമലാംബിക പ്രാർത്ഥന കൂട്ടായ്മ 1-ാം സ്ഥാനവും, 1-ാം വാർഡ് നിത്യസഹായമാതാപ്രാർത്ഥന കൂട്ടായ്മ 2-ാം സ്ഥാനവും, 10-ാം വാർഡ് കർമ്മലമാതാ പ്രാർത്ഥന കൂട്ടായ്മ 3-ാം സ്ഥാനവും നേടി. 8-12-17 വെള്ളിയാഴ്ച വൈകുന്നേരത്തെ ദിവ്യബലിയ്ക്കു ശേഷം കൂടിയ പൊതുസമ്മേളനത്തിൽ വച്ച് 50 വർഷം പൂർത്തിയാക്കിയ ദമ്പതി കളെ പൊന്നാട അണിയിച്ചു ആദരിച്ചു. തുടർന്ന് മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. പൊന്നാട അണിയിച്ച് ആദരിക്കൽ, സമ്മാനദാനം എന്നിവ ഇടവകവികാരി റവ. ഫാ. ഡെന്നീസ് ജോസഫ് കണ്ണ മാലിൽ, ഇടവക വൈദികരായ റവ. ഫാ. മാത്യു വട്ടമാക്കിൽ, റവ. ഫാ. ജോസഫ് വട്ടമാക്കിൽ എന്നിവർ ചേർന്ന് നിർവ്വഹിച്ചു. കലാകായിക മത്സര ങ്ങളിൽ IX-ാം വാർഡ് ഗാഡലൂപ്പമാതാ പ്രാർത്ഥന കൂട്ടായ്മ ഒന്നാംസ്ഥാന വും, VI-ാം വാർഡ് ഫാത്തിമ മാതാ പ്രാർത്ഥന കൂട്ടായ്മ 2-ാം സ്ഥാനവും, XII-ാം വാർഡ് വ്യാകുലമാതാ പ്രാർത്ഥനകൂട്ടായ്മയും I-ാം വാർഡ് നിത്യ സഹായ മാതാ പ്രാർത്ഥന കൂട്ടായ്മയും സംയുക്തമായി 3-ാം സ്ഥാനവും കരസ്ഥമാക്കി.

ഈ യോഗത്തിൽ ശ്രീ. ജോൺസൺ മലയിൽ, ശ്രീമതി റോസമ്മ ജോണി, ശ്രീ സി.പി തോമസ് എന്നിവർ ആശംസയർപ്പിച്ചു. ഇടവകവികാരി സെക്ര ട്ടറി ശ്രീ മാത്യു മൂഴീപ്പറമ്പിൽ സ്വാഗതവും സാമ്പത്തിക കമ്മിറ്റി അംഗം ശ്രീ ജോയ്ചാത്തനാട്ട് നന്ദിയും രേഖപ്പെടുത്തി. തുടർന്ന് വിവിധ പ്രാർത്ഥന കൂട്ടായ്മകളുടയും, സംഘടനകളുടെയും നേതൃത്വത്തിൽ കലാസന്ധ്യ നട ത്തി.

## സെന്റ്മേരീസ് ചർച്ച് കുറുമുള്ളൂർ പാറേൽപള്ളി : ഇടവകദിനാഘോഷം



2017 ഇടവക തിരുനാളിനോടനുബന്ധിച്ച് ഇടവകദിനാഘോഷം നടത്തി. 26/11/17 ഞായറാഴ്ച രണ്ടാമത്തെ ദിവ്യബലിക്കുശേഷം ഇടവകവികാരി റവ. ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ കലാകായിക മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. മത്സരപരിപാടികൾ വൈകിട്ട് 8 മണിയോടെ സമാപിച്ചു.

## സെന്റ്മേരീസ് ചർച്ച് കുറുമുള്ളൂർ – അഖണ്ഡ ബൈബിൾ പാരായണ ദിനം

സെന്റ്മേരീസ് ചർച്ച് കുറുമുള്ളൂരിൽ 31-12-17ൽ റവ. ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ബൈബിൾ പാരായണം ഉദ്ഘാടനം ചെയ്തു. വചനമാകുന്ന യേശുവിനെ കൂടുതൽ അറിയുന്നതിനും, നമ്മുടെ ജീവിതത്തിൽ യേശുവിന് കൂടുതൽ സ്ഥാനം നല്കുന്നതിനും ഇടയാകട്ടെയെന്ന് വികാരിയച്ചൻ ആശംസിക്കുകയും ചെയ്തു. ബൈബിളിലെ എല്ലാ പുസ്തകങ്ങളിലും നിന്ന് തെരഞ്ഞെടുത്ത വചനഭാഗങ്ങൾ മുൻകൂട്ടി അറിയിക്കുകയും തങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള സമയങ്ങളിൽ പ്രതിനിധികൾ വളരെ ഭക്തിയോടും സ്ഫുടതയോടും കൂടി വായിക്കുകയും ചെയ്തു. ദൈവവചനം ശ്രവിക്കുന്നതിന് ധാരാളം വ്യക്തികൾ ദേവാലയത്തിൽ സന്നിഹിതരായിരുന്നു. മതബോധന വിദ്യാർത്ഥികൾ, അദ്ധ്യാപകർ, കുടുംബകൂട്ടായ്മകൾ, മറ്റു സംഘടനകൾ, യുവജനങ്ങൾ തുടങ്ങിയവർ മതബോധനത്തെ തുടർന്ന് 2 P.M മുതൽ 11.30 P.M. വരെ തുടർച്ചയായി ബൈബിൾ പാരായണം നടത്തി. പങ്കെടുത്ത എല്ലാവർക്കും വികാരിയച്ചൻ സർട്ടിഫിക്കറ്റുകൾ നൽകുകയും അവരെ അഭിനന്ദിക്കുകയും ചെയ്തു. ഈ ഒരു വർഷം മുഴുവൻ ദൈവം തന്ന അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കുന്നതിന് പുതുവർഷത്തെ എതിരേൽക്കുന്നതിനുമായി നടത്തിയ പാതിരാ കുർബാനയിൽ എല്ലാവരും സജീവമായി പങ്കെടുത്തു.

# സംഘടനാ വാർത്തകൾ

## ലീജിയൻ ഓഫ് മേരി വിജയപുരം കൊമ്മീസിയം 41–ാമത് വാർഷിക സമ്മേളനം



1976 ഏപ്രിൽ മാസം 4–ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ട വിജയപുരം കൊമ്മിസിയത്തിന്റെ 41–ാമത് വാർഷിക സമ്മേളനം വിമലഗിരി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽവെച്ച് 30–12–2017ൽ നടത്തുകയുണ്ടായി. രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് ജോൺ മേരിമംഗലം ഏവർക്കും ഹൃദ്യമായി സ്വാഗതമാശംസിച്ചു.

വിജയപുരം വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം രൂപതാമെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് ഉദ്ഘാടനം ചെയ്തു. വിമലഗിരി മാതാവ് നമ്മുടെ രൂപതയെ കാത്തു സൂക്ഷിക്കുന്ന അമ്മയാണ്. ലീജിയൻ ഓഫ് മേരി പ്രായോഗികമായ അടിത്തറയുള്ള ഒരു സംഘടനയാണെന്നും വചനം പങ്കുവയ്ക്കാനും സുവിശേഷവൽക്കരണത്തിനും അയയ്ക്കപ്പെട്ടവരാണ് നമ്മളെന്നും യേശു നമ്മെ സ്നേഹിക്കുന്നു എന്നു പറയുവാനുള്ള തന്റേടം നമുക്കുണ്ടാകണമെന്നും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് എപ്പിസ്കോപ്പൽ വികാരി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. അമ്മ ആനന്ദമാണ്, ആശ്രയമാണ്, അനുഗ്രഹമാണ്, ഒരു വിസ്മയമാണ്, ഒരു വിപ്ലവമാണ്, നമുക്ക് ആത്മാർത്ഥമായി പുഞ്ചിരിക്കുവാൻ സാധിയ്ക്കണം എന്ന് തന്റെ പ്രഭാഷണത്തിലൂടെ സെബാസ്റ്റ്യനച്ചൻ പുതിയ ചിന്തകൾ നൽകി. വിൻസെൻറ് ഡി പോൾ സൊസൈറ്റി സെൻട്രൽ കൗൺസിൽ പ്രസിഡന്റ് Br. മൈക്കിൾ ഡിക്രൂസ് ആശംസകൾ നേർന്നു സംസാരിച്ചു. 65 വയസ്സുകഴിഞ്ഞ 75 ലിജിയൻ അംഗങ്ങളെ ജപമാലകൾ നൽകി ആദരിച്ചു. കൊമ്മിസിയം സെക്രട്ടറി സി. സൂസൻ വിജയൻ ഒരു വർഷത്തെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. കൊമ്മിസിയം സ്പിരിചൽ ഡയറക്ടർ റവ. ഫാ. ജോർജ് മേരിമംഗലം ലീജിയൻ സംഘടന വളർത്തുവാനും എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കുവാനും നേതൃത്വം നൽകുന്നു. പ്രസി

ഡന്റ് മേരി മാത്യു  എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു. 225 അംഗങ്ങൾ പങ്കെടുത്തു. സി. അന്നമ്മ മാത്യു ചെങ്ങളം ഫെജാൻജിയായും സി. അന്നമ്മ മാത്യു വൈസ് പ്രസിഡന്റായും പ്രവർത്തിക്കുന്നു. വി. കുർബ്ബാനയ്ക്കു ശേഷം സ്നേഹവിരുന്നോടു കൂടി സമ്മേളനം 2 p.m ന് സമംഗളം പര്യവസാനിച്ചു.

# എഫ്.എസ്.എം സംഗമം

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന എഫ്..എസ്.എം ന്റെ പ്രവർത്തനങ്ങൾ ബി.സി.സി.കൺവെൻഷന്റെയും മിഷൻ കോൺഗസിന്റെയും പശ്ചാത്തലത്തിൽ കുറേക്കൂടി കാര്യക്ഷമമായി നിർവ്വഹിക്കപ്പെടേണ്ടതാണ് എന്ന ലക്ഷ്യത്തോടെ ഡിസംബർ 7,8 തീയതികളിൽ കീഴുക്കുന്നിലുള്ള അമലനിലയത്തിൽവച്ച് എഫ്.എസ്.എം കൂട്ടായ്മ നടത്തപ്പെട്ടു. എഫ്.എസ്.എം അംഗങ്ങൾക്കുണ്ടായിരിക്കേണ്ട മിഷനറി തീക്ഷ്ണത എന്ന വിഷയത്തിൽ റവ.ഫാ.ജോണി എം.എസ്.എഫ്.എസ്. ക്ലാസ് നയിച്ചു. ഇന്ത്യയുടെ വടക്കു കിഴക്കൻ മേഖലയിലെയും സൗത്ത് ആഫ്രിക്കയിലെയും മിഷൻ പ്രവർത്തനാനുഭവങ്ങൾ സിസ്റ്റർ അൻസറ്റ് സി.റ്റി.സി. പങ്കുവച്ചു. കെ.ആർ.എൽ.സി.സി. വിഭാവന ചെയ്തിരിക്കുന്ന മിനിസിട്രി സംവിധാനത്തെക്കുറിച്ചും ഈ സംവിധാനത്തിൽ എഫ.എസ്.എം-ന്റെ ക്രിയാത്മക പങ്കാളിത്തത്തെക്കുറിച്ചും വിജയപുരം രൂപതാ മിനിസ്ട്രി കോ-ഓർഡിനേറ്റർ റവ.ഫാ.വർഗീസ് കൊട്ടക്കാട്ട് വിവരിച്ചു. അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ നേതൃത്വത്തിൽ ഇടവകകളിലെ എഫ.എസ്.എം-ന്റെ പ്രവർത്തനങ്ങൾ വിവരിച്ചു വിലയിരുത്തി. വർദ്ധിച്ച വീര്യത്തോടും മിഷനറി തീക്ഷ്ണതയോടും പ്രവർത്തിക്കുവാൻ അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു.

വല്ലാർപാടത്ത് നടന്ന ബി.സി.സി.കൺവെൻഷനിലും മിഷൻ കോൺഗസിലും പങ്കെടുത്തവരുടെ നേതൃത്വത്തിൽ കുടുംബക്കൂട്ടായ്മയിലൂടെ ആറു മിനിസ്ട്രികളുടെ പ്രവർത്തനം എങ്ങനെ പ്രായോഗികമാക്കാം എന്നതിന് ഒരു മാതൃകാ യൂണിറ്റ് മീറ്റിംഗ് നടത്തി. സംഗമത്തിന് റവ.ഫാ.റ്റോം ജോസ്, റവ.ഫാ.അജിത് വർഗീസ്, ശ്രീ കെ.പി.ജോൺ എന്നിവർ നേതൃത്വം വഹിച്ചു.

## പരേതരെ സ്മരിക്കാം – ഫെബ്രുവരി

# വി.എസ്.എസ്.എസ് മൂന്നാർ റീജിയൺ വാളറ കസ്തൂർബ SHG കൊയ്ത്തുത്സവം



വി.എസ്.എസ്.എസ് മൂന്നാർ റീജിയന്റെ കീഴിൽ അടിമാലി സെന്റ്. മാർട്ടിൻ ഡി പോറസ് ഇടവകയുടെ സബ് സ്റ്റേഷനായ വാളറ കേന്ദ്രീകരിച്ചു 21 വർഷങ്ങൾക്കു മുൻപു രൂപംകൊണ്ട കസ്തൂർബ SHG നാലാം വർഷവും വിജയകരമായി കൊയ്ത്തുത്സവം നടത്തി. ഇരുമ്പുപാലം ഒഴുവത്തടം എന്ന സ്ഥലത്താണ് ഈ SHG അംഗങ്ങൾ പാട്ടത്തിനെടുത്ത 5 ഏക്കർ പാടം സ്ഥിതി ചെയ്യുന്നത്. വി.എസ്.എസ്.എസ് മൂന്നാർ റീജിയൺ ഓഫീസിൽ നിന്നും ഫാ. ഷിന്റോ വെളിപ്പറമ്പിൽ, ഫാ. ജോൺസൺ ഒറ്റത്തെങ്ങുങ്കൽ, സി. ജാസ്മിൻ DIH എന്നിവരും പള്ളിവാസൽ സെന്റ് ആൻസ് ഇടവകയിലെ ഏതാനും സഹോദരങ്ങളും കൊയ്ത്തുത്സവത്തിൽ പങ്കെടുത്തു.




## ജന്മദിനാശംസകൾ

02 Fr.Dominic Savio
02 Fr.Francis Paravila
06 Fr.George Manoj Lobo
09 Fr.John Viani Mattuppilliyil
10 Fr.Mathew Madathil
12 Fr.Paul Denni Ramachamkudy
17 Fr.Theophine Thuruthikonam
21 Fr.Ajith Varghese Kanianthara
27 Fr.Antony Manappurath
27 Fr.Chacko Puthenpurackal

# ക്രിസ്മസ് ആഘോഷം



ക്രിസ്മസ് സന്ദേശവും പ്രാർത്ഥനാ ശുശ്രൂഷയും വി.എസ്.എസ്.എസ് ഓഫീസിൽ

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി 2017 ലെ ക്രിസ്മസ്, കോട്ടയം മുട്ടമ്പലം ശാന്തിഭവനിലെ അന്തേവാസികൾക്കൊപ്പം ആഘോഷിച്ചു. ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ, അസി.ഡയറക്ടർ ഫാ. ഫെലിക്സ് ദേവസ്യ എന്നിവരുടെ നേതൃത്വത്തിൽ ശാന്തിഭവനിലെത്തിയ സൊസൈറ്റി പ്രവർത്തകർക്കൊപ്പം ശാന്തിഭവൻ അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. ക്രിസ്മസിന്റെ ചൈതന്യം യഥാർത്ഥത്തിൽ നിറവാകുന്നത് ഇത്തരം അവസരങ്ങളിലൂടെയാണെന്ന് ബഹു.ഡയറക്ടറച്ചൻ പറഞ്ഞു. സ്ഥാപനത്തിന്റെ നടത്തിപ്പിൽ കാണുന്ന കാര്യക്ഷമതയ്ക്ക് അദ്ദേഹം ശാന്തിഭവൻ പ്രവർത്തകരെ അഭിനന്ദിക്കുകയും ചെയ്തു. ഫാ.ഫെലിക്സ് ദേവസ്യ, പ്രൊജക്ട് ഓഫീസർ കെ.പി ജോൺ, ശാന്തിഭവൻ സെക്രട്ടറി പ്രസാദ് കുരുവിള, എന്നിവർ സംസാരിച്ചു. അംഗങ്ങൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും അവരോടൊപ്പം സ്നേഹവിരുന്നിൽ പങ്കുചേരുകയും ചെയ്തു.

# വാർഷികാഘോഷം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പാലായിൽ പ്രവർത്തിക്കുന്ന ഗ്ലോറിയാ സ്വയം സഹായ സംഘത്തിന്റെ 9-ാം വാർഷികാഘോഷപരിപാടികൾ വൈസ് പ്രസിഡന്റ് റ്റോമി പേന്താനത്തിന്റെ അദ്ധ്യക്ഷതയിൽ നഗരസഭാംഗം ബിജു പാലുപ്പടവിൽ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി സോന്റോ ഒ.പി പോയവർഷത്തെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു.വി.എസ്.എസ്.എസ് സി.ഡിഒ ജോസ്മി സെബാസ്റ്റ്യൻ, ജൂബി ജോർജ്ജ്, ആനിമേറ്റർ റോസമ്മ ജോസഫ് എന്നിവർ സംസാരിച്ചു.

## സ്വയം സഹായ സംഘ വാർഷികം



തെള്ളകം മൈത്രി സ്വയം സഹായ സംഘ വാർഷികം ഫാ. ജോസഫ് തറയിൽ ഉദ്ഘാടനം ചെയ്യുന്നു.

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തെള്ളകത്ത് പ്രവർത്തിക്കുന്ന മൈത്രി സ്വയം സഹായ സംഘത്തിന്റെ 14–ാം വാർഷികാഘോഷപരിപാടികൾ രക്ഷാധികാരി ഫാ. ജോസഫ് തറയിൽ ഉദ്ഘാടനം ചെയ്തു. സംഘം സെക്രട്ടറി തോമസ് റ്റി.ജെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.കുട്ടികളിൽ വർദ്ധിച്ചുവരുന്ന അക്രമവാസനകൾ, ലഹരി, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം ഇവ തടയാൻ സ്വയം സഹായ സംഘങ്ങൾ പോലുള്ള സംവിധാനങ്ങൾക്ക് സാധിക്കുമെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ഗാന്ധിനഗർ ജനമൈത്രി പോലീസ് ഓഫീസർ സുരേഷ് ബി നായർ പറഞ്ഞു. അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് എൽസമ്മ മാത്യു, പഞ്ചായത്തംഗം മേരിക്കുട്ടി ദേവസ്യ, ജിം അലക്സ്, ലോയിഡ് ജോസഫ്, തോമസ് സി.റ്റി, ആനിമേറ്റർ ജോളി ബാബു എന്നിവർ സംസാരിച്ചു.

## ബോധവത്കരണ സെമിനാർ

കോട്ടയം ചൈൽഡ് ലൈൻ സ്കൂൾതല അവബോധ പരിപാടിയുടെ ഭാഗമായി പള്ളം ഗവ. യു.പി സ്കൂൾ, പെരുവ ഗവ.ഹയർ സെക്കന്ററി എന്നിവിടങ്ങളിൽ, കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ അടിസ്ഥാനമാക്കി രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കുമായി സെമിനാർ സംഘടിപ്പിച്ചു.കോ–ഓർഡിനേറ്റർ മാത്യു ജോസഫ്, കൗൺസിലർ ബിന്ദു വർഗീസ്, സംഘാംഗം സനോജ് സെബാസ്റ്റ്യൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

# ആശാകിരണം സന്നദ്ധപ്രവർത്തക യോഗം



ആശാകിരണം സന്നദ്ധപ്രവർത്തക പരിശീലനം - പാമ്പനാർ മേഖല

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാൻസർ സാന്ത്വന പദ്ധതി, ആശാകിരണത്തിന്റെ സന്നദ്ധപ്രവർത്തകരുടെ യോഗം പട്ടിത്താനം, കോട്ടയം, മുണ്ടക്കയം, തിരുവല്ല മേഖലകളിൽ നടന്നു. കോ-ഓർഡിനേറ്റർ പ്രമില ജോർജ്ജ്, ആശാകിരണം മേഖലാ സെക്രട്ടറിമാർ എന്നിവരുടെ നേതൃത്യത്തിൽ കൂടിയ യോഗങ്ങളിൽ പ്രവർത്തന അവലോകനവും ആസൂത്രണവും നടന്നു.

# സർക്ഷ ബാലവേദി വനവാതുക്കര

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വനവാതുക്കരയിൽ പ്രവർത്തിക്കുന്ന സർക്ഷ ബാലവേദിയിലെ അംഗങ്ങൾ ക്രിസ്മസ് കരോൾ നടത്തി സമാഹരിച്ച 5000 രൂപയിൽ 2000 രൂപ വീതം കാൻസർ ബാധിതരായ രണ്ടുപേർക്കും 1000 രൂപ ബുദ്ധി മാന്ദ്യം സംഭവിച്ച ഒരാൾക്കും നൽകി. സർക്ഷ ബാലവേദിയുടെ മാതൃകാപരമായ ഈ പ്രവർത്തനത്തിന് ആനിമേറ്റർ അന്നമ്മ പീറ്റർ, കുട്ടികളുടെ മാതാപിതാക്കൾ എന്നിവരുടെ സഹകരണവുമുണ്ടായിരുന്നു.

## ക്രിസ്മസ് ആഘോഷം ശാന്തിഭവനിൽ







# കുടിൽരഹിത രൂപത പദ്ധതിപ്രകാരം നിർമ്മിച്ച ഏതാനും വീടുകൾ













# അഭിവന്ദ്യ പിതാവിന്റെ
## ഫെബ്രുവരി മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 01-09 | | | - | CBCI, ബാംഗ്ലൂർ |
| 10 | ശനി | 10.00 am | - | പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്, വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം |
| | | 5.00 pm | - | ഇടയസന്ദർശനം, സെന്റ് ജോസഫ്സ് ചർച്ച്, ചെങ്ങളം |
| 11 | ഞായർ | 10.00 am | - | ദിവ്യബലി, സ്ഥൈര്യലേപനം, സെന്റ് ജോസ്ഫ്സ് ചർച്ച്, ചെങ്ങളം |
| | | 3.00 pm | - | മെത്രാഭിഷേക തിരുക്കർമ്മം, ആലപ്പുഴ |
| 12 | തിങ്കൾ | 11.00 am | - | ദിവ്യബലി, സന്യസ്തവ്രത വാഗ്ദാനം, വണ്ടിപെരിയാർ |
| 14 | ബുധൻ | 6.30 am | - | ദിവ്യബലി, വിഭൂതിബുധൻ, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 15 | വ്യാഴം | 10.00 am | - | മീഡിയാ ഡയറക്ടർമാരുടെ മീറ്റിംഗ്, പി.ഒ.സി, എറണാകുളം |
| 16 | വെള്ളി | | - | PPD |
| 18 | ശനി | 3.00 pm | - | ദിവ്യബലി, ദൈവാലയ സ്ഥാപനത്തിന്റെ 125-ാം വാർഷികം, സെന്റ് പീറ്റേഴ്സ് ചർച്ച്, കുമരകം |
| 21-22 | | | - | കാനോനിക്കൽ വിസിറ്റ്, മിണ്ടാമഠം, കോട്ടയം |
| 23 | വെള്ളി | | - | PPD |
| 25 | ഞായർ | 5.30 pm | - | നാല്പതുമണി ആരാധന സമാപനം, പെരുമ്പടപ്പ്. |
| 27-28 | | | - | മധ്യകേരള മെത്രാൻമാരുടെ ത്രൈമാസ സമ്മേളനം, ആലപ്പുഴ. |


SOUTH INDIAN Bank
Experience Next Generation Banking
SIB YOUTH PLUS Savings Account
"There is no better time to experiment
with the good things that come to your life...."
Experience the Next Generation Savings
Account for YOUTHS


Need a vehicle?
Vehicle loans
from CSB
We realize that India's growing population and economy requires better means of transport. Be it Companies, Firms, Educational Institutions, Hospitals or individuals, we help finance your purchase. Our loans are hassle free and the interest rates competitive. We help when you need it the most.
Loans available for individuals and organizations
Loans available for purchase of new and used vehicles
Special scheme for HNI's
Equated Monthly Installments (EMI)
Call: 1800 266 9090
www.csb.co.in
CSB... Support all the way
Catholic Syrian Bank
CSB

FEBRUARY 2018
Vol. 11 • Issue 2
Published on
1st February 2018

vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA



# മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം

## ECOBURN™

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

ecoway
TECHNOLOGIES PVT. LTD.

Perumbaikadu P.O., Neelimangalam
Kottayam - 686028
Ph: 0481-2397752/9400316501

ENVIRONMENTAL CONSULTANTS & MANUFACTURES OF:
WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm. at Good Shepherd Press, Kottayam, Kerala # 0481-2569180